**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം

മി. സ്പീക്കർ: അഞ്ചുതെങ്ങിലെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം ബോട്ട് മറിഞ്ഞ് അഞ്ചുതെങ്ങ് സ്വദേശി വിക്ടർ മരിച്ചതുൾപ്പെടെ നിരവധി മത്സ്യത്തൊഴിലാളികൾ മരണമടയുന്ന സാഹചര്യംമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം. വിൻസെന്റ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വാമനപുരം നദിയും അഞ്ചുതെങ്ങ് കായലും കടലുമായി ചേരുന്ന ഭാഗമാണ് മുതലപ്പൊഴി. 2001-ലാണ് മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണം ആരംഭിക്കുന്നത്. 1996-97 വർഷത്തിൽ ചെന്നൈ ഐ.ഐ.ടി.

ഇതിന്റെ പഠനം ആരംഭിച്ച സമയത്ത് കേരളത്തിലെ മുഖ്യമന്ത്രി സഖാവ് ഇ. കെ. നായനാരും 2001-ൽ നിർമ്മാണം ആരംഭിക്കുമ്പോൾ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയും ആയിരുന്നു. 03-06-2020-ലാണ് ഇത് കമ്മീഷൻ ചെയ്തത്. അവിടെയുണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം മണൽതിട്ടകൾ പൊഴിമുഖത്ത് രൂപംകൊള്ളുന്നതാണ്. രൂക്ഷമായ തിരമാലകൾ ആ പ്രദേശത്തുണ്ടാകുന്നതാണ് രണ്ടാമത്തെ കാര്യം. അപകട മുന്നറിയിപ്പ് അവഗണിച്ച് മത്സ്യബന്ധനത്തിന് പോകുന്നതുമൂലം അപകടം സംഭവിക്കുന്നതാണ് മൂന്നാമത്തെ കാര്യം. പൊഴിയുമായി ബന്ധപ്പെട്ട് 29 മരണങ്ങളുണ്ടായി. കേസിന്റെ രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയാണ് ഇക്കാര്യം പറയാൻ കഴിയുന്നത്. അതിനേക്കാൾ കൂടുതൽ മരണങ്ങൾ കടലുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ പ്രതിപക്ഷം ഉന്നയിക്കുന്ന എല്ലാ വികാരത്തോടും ഞാൻ യോജിക്കുകയാണ്. മരണങ്ങൾ വളരെ വേദകരവും ദുഃഖകരവും അങ്ങേയറ്റം പ്രയാസകരവുമായി മാറിയിരിക്കുകയാണ്. ഇത്തരത്തിൽ മരണപ്പെട്ട കുടുംബങ്ങളുടെ അവസ്ഥ വളരെ ദയനീയമാണ്. അവരെ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടെങ്കിലും അടിക്കടിയുണ്ടാകുന്ന മരണങ്ങൾ നമ്മെ

വല്ലാതെ പ്രയാസപ്പെടുത്തുകയും അസ്വസ്ഥരാക്കുകയും ചെയ്യുന്നു. പല കുടുംബങ്ങളും അനാഥത്വം പേറുകയാണ്. ഈ കാര്യത്തിൽ പ്രതിപക്ഷവും ഭരണപക്ഷവും കേന്ദ്ര ഗവൺമെന്റും ഒരുമിച്ച് നീങ്ങണമെന്നാണ് എന്റെ അഭിപ്രായം. കേന്ദ്രത്തിൽ കഴിഞ്ഞ തവണ മൃഗസംരക്ഷണം, ക്ഷീരവികസന, ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പർഷോത്തം രൂപാലയുമായി ഞാനും വകുപ്പ് സെക്രട്ടറിയും നേരിട്ട് സംസാരിച്ചിരുന്നു. അദ്ദേഹം നല്ലൊരു നിലപാടാണ് സ്വീകരിച്ചത്. കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി ശ്രീ. ജോർജ്ജ് കുര്യനുമായി സംസാരിച്ചപ്പോൾ അദ്ദേഹവും ഈ കാര്യത്തിൽ നല്ല പിന്തുണ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത് ഏതെങ്കിലുമൊരു പ്രത്യേക രാഷ്ട്രീയ പ്രശ്നമല്ല, കേരളത്തിന്റെ പൊതുവായതും പ്രധാനപ്പെട്ടതുമായ ഒരു പ്രശ്നമാണെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. ഹാർബറിന്റെ പഠനം ആരംഭിച്ചത് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴും നിർമ്മാണം തുടങ്ങിയത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴും ഉദ്ഘാടനം ചെയ്തത് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴുമാണ്. ഹാർബറിന്റെ അവസ്ഥ ഇങ്ങനെയായിപ്പോയതുകൊണ്ട് ഉത്തരവാദിത്വം ആരുടെയെങ്കിലും തലയിൽ

വച്ചുകെട്ടി, ആരെയും ആക്ഷേപിക്കാൻ വേണ്ടിയല്ല ഇക്കാര്യത്തിൽ ചർച്ച നടത്തേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഇരുന്നൂറോളം താങ്ങുവള്ളങ്ങളും അറുന്നൂറ്റി ഇരുപത്തിയഞ്ചോളം പരമ്പരാഗത വള്ളങ്ങളും മുതലപ്പൊഴി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 2021-ലെ ടൗട്ടെ ചുഴലിക്കാറ്റിന്റെയും 2022-ലെ മൺസൂണിന്റെയും ഭാഗമായി മുതലപ്പൊഴി ഫിഷിംഗ് ഹാർബർ തെക്കേ പുലിമുട്ടിന്റെ ഹെഡ് തകർന്നു. ടെട്രാപോഡുകൾ സ്ഥാനഭ്രംശം സംഭവിച്ച് പ്രധാന കവാടത്തിലും ചാനലിലും ചിതറിവീണു. ഇതിനോടൊപ്പംതന്നെ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജ്ജുവഴി കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് 10-04-2018-ൽ Adani Ports and Special Economic Zone Limited-മായി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം ഒരു ധാരണാപത്രം ഒപ്പുവച്ചു. ഇതിന്റെ ഭാഗമായി തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കാൻ അനുമതി നൽകി. ഫിഷിംഗ് ഹാർബറിന്റെ മൗത്തിലും ചാനലിലും 5 മീറ്ററും ഹാർബർ ബേസിൽ 3 മീറ്ററും ആഴം ഉറപ്പാക്കേണ്ടതായിട്ടുണ്ട്, ബ്രേക്ക് വാട്ടറിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ ആയത് പരിഹരിക്കണം. ഗൈഡ്‌ലൈൻ, ലൈഫ് ബോയ

എന്നിവ സ്ഥാപിക്കണം എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ധാരണാപത്രമുണ്ടാക്കിയത്. ഇതുപ്രകാരം ചാനൽ Adani Ports and Special Economic Zone Limited ഡ്രഡ്ജിംഗ് നടത്തി കുറെ മുന്നോട്ടുപോകുകയുണ്ടായി. രണ്ടാമതായി പറഞ്ഞ കാര്യത്തിൽ, ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം, ചിതറിക്കിടന്ന കല്ലുകളും ടെട്രാപോഡുകളും എൺപത് ശതമാനം നീക്കം ചെയ്തു. തുടർന്ന് ആഴം നിലനിർത്തുന്നതിനുള്ള ശക്തമായ നിലപാടുകൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട് നിരവധി യോഗങ്ങൾ ചേർന്നു. ഞാൻ മന്ത്രിയായി ചുമതലയേറ്റതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ. വി. ശശിയും എല്ലാ പാർട്ടികളുടെയും അവിടെയുള്ള രാഷ്ട്രീയ നേതൃത്വങ്ങളും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 20-07-2021-ൽത്തന്നെ ഞാൻ സ്ഥലം സന്ദർശിച്ച് യോഗം ചേരുകയുണ്ടായി. 12-10-2022, 05-07-2023, 31-07-2023, 14-09-2023, 03-01-2024, 02-05-2024, 05-06-2024, 20-01-2024, 02-02-2024, 01-04-2024 എന്നീ തീയതികളിൽ യോഗം ചേർന്നു. Adani Ports and Special Economic Zone Limited-മായി ബന്ധപ്പെട്ട് ഈ പ്രശ്നം കുറച്ചുകൂടി കർക്കശമായി കൈകാര്യം

ചെയ്യുന്നതിന് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ വകുപ്പുമന്ത്രി വി. എൻ. വാസവനും ഞാനുംകൂടി പങ്കെടുത്ത് രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ കഴിഞ്ഞ ആഴ്ചയും യോഗം ചേർന്നിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മനുഷ്യസഹജമായി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ടെന്ന് വളരെ അഭിമാനത്തോടെ ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആഴം നിലനിർത്തുന്നതിനുള്ള നിർദ്ദേശത്തിന്റെ ഭാഗമായി യോഗങ്ങൾ ചേരുകയുണ്ടായി. ഭയങ്കരമായ തിരമാലകളുടെ പ്രശ്നം കാരണം Adani Ports and Special Economic Zone Limited-ന് അവിടെ ഡ്രെഡ്ജിംഗിനുള്ള മെഷീൻ കൊണ്ടുവരാൻ കഴിയില്ല. അതിനാൽ മൂന്ന് ലോങ് ബൂം എസ്കവേറ്ററും രണ്ട് ഷോർട്ട് ബൂം എക്സവേറ്ററും ഉപയോഗിച്ച് നിലവിൽ മണൽ നീക്കം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനായി സാവകാശം വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 11-06-2024 വരെ കാലാവധി നീട്ടിക്കൊടുത്തു. കരാർ കാലാവധി അവസാനിക്കാൻ പോകുകയാണ്. ഇനിയും അതിന്റെ കാലാവധി നീട്ടുന്നതിനുള്ള നിർദ്ദേശം വന്നിട്ടുണ്ടെങ്കിലും അങ്ങനെ ചെയ്യേണ്ടതുണ്ടോ,

അതോ സംസ്ഥാന സർക്കാർ ആ ധാരണാപത്രത്തിൽനിന്ന് മാറിയശേഷം ആഴം കൂട്ടൽ പ്രക്രിയ നേരിട്ട് ആരംഭിക്കേണ്ടതുണ്ടോ എന്നതുസംബന്ധിച്ച് ചിന്തിക്കുകയാണ്. ഈ വിഷയത്തിന്റെ മറ്റൊരു ഭാഗമുണ്ട്. തുറമുഖം അപകടരഹിതമാക്കുന്നതിനായി 22-08-2022-ൽ ഉത്തരവ് നം. 660/2022 പ്രകാരം പൂനെ Central Water and Power Research Station (CWPRS)-നെ ചുമതലപ്പെടുത്തി. ഞങ്ങൾ നടത്തിയ യോഗങ്ങളും ഉദ്യോഗസ്ഥർ നടത്തിയ പ്രവർത്തനങ്ങളും സംബന്ധിച്ച് ഞാനിവിടെ വിശദീകരിച്ചു. ഇതിന്റെ ഭാഗമായി CWPRS-ലെ ഉദ്യോഗസ്ഥർ അവിടെ വരികയും നിരവധി ദിവസം അവിടെ താമസിച്ച് സ്ഥലസന്ദർശനം നടത്തുകയും ചെയ്തു. കടലിൽ പഠനം നടത്താൻ സാധിക്കാത്ത കാലാവസ്ഥാ പ്രശ്നം കാരണം പഠനം കുറെ മാസങ്ങൾ നീണ്ടുപോകുകയും അതിന്റെ തുടർച്ചയായി മാതൃകാ പഠനം നടത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി, 2024 ഫെബ്രുവരി മാസം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 164 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി. 16-02-2024-ൽ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. പദ്ധതിയുടെ നാൽപ്പത് ശതമാനം തുക സംസ്ഥാന ഗവൺമെന്റും അറുപത്

ശതമാനം കേന്ദ്ര ഗവൺമെന്റുമാണ് ചെലവഴിക്കുന്നത്. നമുക്ക് സാമ്പത്തികമായി പ്രതിസന്ധിയും ബുദ്ധിമുട്ടുമുണ്ടെന്ന് എല്ലാവർക്കുമറിയാം, പക്ഷെ ഈയൊരു ഘട്ടത്തിലും ഇതൊരു പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിലാണ് 65.6 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ച് 60 ശതമാനം തുകയ്ക്കുവേണ്ടി കേന്ദ്ര സർക്കാരിനുമുൻപിൽ പ്രൊപ്പോസൽ സമർപ്പിച്ചത്. അപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ Central Institute of Coastal Engineering for Fishery, 03-06-2024-ന് ചേർന്ന യോഗത്തിൽ  ഇതിനെ സ്മാർട്ട് ആൻഡ് ഗ്രീൻ ഹാർബറാക്കണമെന്ന പുതിയൊരു നിർദ്ദേശം കൊണ്ടുവന്നത്. അതിന്റെ പഠനം വീണ്ടും നടത്തി. ഒരു പഠനം കഴിഞ്ഞാൽ അടുത്ത പഠനം, അത് കഴിഞ്ഞാൽ വീണ്ടും അടുത്ത പഠനം. അങ്ങനെ പഠിച്ചു പഠിച്ച് സത്യം പറഞ്ഞാൽ മാനസികമായി ഞങ്ങൾതന്നെ പ്രയാസപ്പെടുകയാണ്. ഇതിന്റെ ഭാഗമായി മുഴുവൻ റിപ്പോർട്ടും അടിയന്തരമായി കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സമർപ്പിച്ചു. അപ്പോഴാണ് അടുത്ത പ്രശ്നം വന്നത്; 425 മീറ്റർ പുലിമുട്ട് അവസാനിക്കുന്നത് 10 മീറ്റർ ആഴത്തിലാണ്. പത്ത് മീറ്റർ ആഴത്തിൽ നിർമ്മിക്കുന്ന പുലിമുട്ടിന്റെ  frame study result, Central Institute

of Coastal Engineering for Fishery ഇപ്പോൾ വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. Structure-ന്റെ stability പരിശോധിക്കുന്നതിനുവേണ്ടിയാണ് ഈ frame study നടത്തുന്നത്. ഇതിനുവേണ്ടി CWPRS പൂനെ-യെ ഏൽപ്പിച്ചു. ഉദ്യോഗസ്ഥന്മാർ അതിനുവേണ്ടി പോകുകയാണ്, ഇന്ന് എന്റെ സെക്രട്ടറിയെക്കൊണ്ട് അവിടത്തെ ഡയറക്ടറെ വിളിപ്പിച്ചിരുന്നു, ഏത്രയുംവേഗം ഈ സ്റ്റഡി റിപ്പോർട്ട് നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അവസാനത്തെ റിപ്പോർട്ടുകൂടി ലഭിച്ചാൽ ഒരു മാസത്തിനുള്ളിൽ അതിന്റെ പൂർണ്ണതയിലെത്തിച്ച് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാം. നേരത്തേ സമർപ്പിച്ച റിപ്പോർട്ട് തത്വത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു എന്ന സന്തോഷകരമായ കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. കേന്ദ്രത്തിന്റെ അനുവാദം ലഭിക്കുന്നമുറയ്ക്ക് വേഗത്തിൽ നടപടി സ്വീകരിച്ച് ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കും. രണ്ട് മാസത്തിനുള്ളിൽ അനുവാദം ലഭിച്ചാൽ ഒരു മാസത്തിനുള്ളിൽ CWPRS പൂനെ-യുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കി അടുത്ത രണ്ട് മാസത്തിനുള്ളിൽ ടെണ്ടർ നടത്താൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എല്ലാവരും

ഇക്കാര്യത്തിൽ സഹകരിക്കണം. പരസ്പരം പഴിചാരിയാൽ ഈ പ്രശ്നം തീരില്ല. ഒന്നരവർഷത്തിനുള്ളിൽ മുതലപ്പൊഴിയിലെ പ്രശ്നം ശാശ്വതമായി പരിഹരിക്കാനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്; അതിനോടൊപ്പം സഹകരിക്കണം. ഇതൊരു പൊതുപ്രശ്നമായതുകൊണ്ട് സഭ നിർത്തിവച്ച് ഇപ്പോൾ ചർച്ച ചെയ്യേണ്ട കാര്യമില്ല. എന്നേക്കാളും കൂടുതൽ കാര്യങ്ങൾ പ്രതിപക്ഷത്തിനറിയാവുന്നതുകൊണ്ട് ഈ വിഷയത്തിൽ സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ വിശദീകരണം കേട്ടപ്പോൾ രോഗി മരണപ്പെട്ടെങ്കിലും താൻ നടത്തിയ സർജറിയെക്കുറിച്ച് വാചാലനാകുന്ന ഒരു ഡോക്ടറെയാണ് എനിക്ക് ഓർമ്മ വന്നത്. മുതലപ്പൊഴിക്ക് വളരെ വർണ്ണശബളമായ ഒരു ഭൂതകാലമുണ്ടായിരുന്നു. നൂറുകണക്കിന് വാഹനങ്ങൾവന്ന് മത്സ്യമെടുത്തുകൊണ്ടുപോകുന്ന വളരെ സജീവമായ ഒരു തുറമുഖമായിരുന്നു അത്. ഇന്ന് സംസ്ഥാനത്തെ 26 തുറമുഖങ്ങൾക്കുമില്ലാത്ത വിധത്തിലുള്ള അപകടച്ചുഴിയാണ് അവിടെയുള്ളത്. ഒരിക്കലും തോരാത്ത കണ്ണീർപൊഴിയായി ഈ മുതലപ്പൊഴി

മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ യോഗങ്ങളെല്ലാം കൃത്യമായി നടക്കുന്നുണ്ട്; പക്ഷെ പരിഹാരം മാത്രം കാണുന്നില്ല. യോഗങ്ങളെല്ലാം നടക്കുമ്പോഴും അവിടെ മരണം തുടർന്നുകൊണ്ടിരിക്കുകയാണ്. നാല് ദിവസങ്ങൾക്കുമുൻപാണ് അഞ്ചുതെങ്ങ് സ്വദേശിയായ വിക്ടർ തോമസ് അപകടത്തിൽ മരണപ്പെട്ടത്. മൂന്ന് മക്കളോടൊപ്പം വാടകവീട്ടിൽ താമസിക്കുന്ന ആ വീടിന്റെ ഏക ആശ്രയമായിരുന്നു അദ്ദേഹം. ഇത് ഏറ്റവും അവസാനത്തെ മരണമായിരിക്കണമെന്ന് നമ്മളെല്ലാവരും ആഗ്രഹിക്കുന്നുണ്ട്. മരണങ്ങളെക്കുറിച്ചുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കിന് എപ്പോഴും പിശക് പറ്റുകയാണ്. മുതലപ്പൊഴി തങ്ങളുടെ ജീവനെടുക്കുമെന്ന് അറിഞ്ഞിട്ടും അവർ വീണ്ടും മത്സ്യബന്ധനത്തിന് പോകുന്നത് വീട്ടിലെ കുട്ടികളുടെ പട്ടിണി കാണാൻ കഴിയാത്തതുകൊണ്ടാണെന്ന് നമ്മൾ മനസ്സിലാക്കണം. മത്സ്യത്തൊഴിലാളികളുടെ ജീവിതം എത്ര നരകപൂർണ്ണമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. മത്സ്യബന്ധനത്തിനുപോകുമ്പോൾ മഴ പെയ്യും, ഒരു മണിക്കൂർ പെയ്താലും രണ്ട് മണിക്കൂർ പെയ്താലും ആ മുഴുവൻ മഴയും കൊള്ളും.

ചുട്ടുപൊള്ളുന്ന വെയിലാണെങ്കിലും ആ മുഴുവൻ വെയിലും കൊണ്ട് പൊള്ളി യാനത്തിൽ കിടക്കും. നമ്മുടെ വീട്ടിലൊക്കെ ഏതെങ്കിലും വീട്ടുപകരണങ്ങൾ മഴ പെയ്യുകയാണെങ്കിൽ വീട്ടുമുറ്റത്ത് കിടക്കുമ്പോൾ നമ്മൾ ഉടനെ അതെടുത്ത് വീടിനകത്ത് വയ്ക്കും. ചേതനയില്ലാത്ത സാധനങ്ങൾപോലും വളരെ പ്രാധാന്യത്തോടെ വീട്ടിനകത്ത് വയ്ക്കുമ്പോൾ മഴയും വെയിലുംകൊണ്ട് മത്സ്യബന്ധനം നടത്തുന്ന ഈ മനുഷ്യജീവനുകളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യത നമുക്കില്ലേ? ബഹുമാനപ്പെട്ട മന്ത്രി യഥാർത്ഥത്തിൽ ഈ പ്രശ്നങ്ങളെല്ലാം നേരത്തെ കണ്ടയാളാണ്. അദ്ദേഹം പറഞ്ഞതുപോലെ ഏഴ് പഠനങ്ങൾ നടന്നിട്ടുണ്ട്. ഞങ്ങൾ 05-08-2021-ൽ ഈ സഭയിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ ഈ പഠനങ്ങളിലുള്ള കാര്യങ്ങളൊക്ക അദ്ദേഹം പറഞ്ഞിരുന്നു. അതിന്റെ രോഗം കൃത്യമായി അദ്ദേഹം കണ്ടെത്തി. ഒന്ന്, ഹാർബറിന്റെ മൗത്തിന് വീതി കുറവാണ്, രണ്ട്, മണ്ണ് അടിഞ്ഞുകൂടുന്നതുകൊണ്ട് അപകടം കൂടുന്നു എന്നിവയായിരുന്നു അവ. അതുകൊണ്ട് 2021 സെപ്റ്റംബർ 15 മുതൽ ഡ്രഡ്ജിംഗ് ആരംഭിക്കും എന്നാണ് പറഞ്ഞത്. ഈ അടിയന്തരപ്രമേയത്തിന് ഞങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾ

അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും അതുപോലെ അദ്ദേഹം നിയമസഭാ ചോദ്യങ്ങൾക്ക് നൽകിയിരിക്കുന്ന ഉത്തരങ്ങളും മാത്രമാണ്. ഏത് ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചെന്നോ ഏത് ഗവൺമെന്റിന്റെ കാലത്ത് ഉദ്ഘാടനം ചെയ്തെന്നോ എന്നിങ്ങനെയുള്ള ഒരു രാഷ്ട്രീയവും ഞങ്ങൾ പറയുന്നില്ല. അതൊന്നും ഞങ്ങളുടെ വിഷയമേയല്ല. മത്സ്യത്തൊഴിലാളികളുടെ ജീവൽപ്രശ്നങ്ങളാണ് ഞങ്ങളിവിടെ ഉന്നയിക്കുന്നത്. 2021 സെപ്റ്റംബർ 15 മുതൽ ഡ്രഡ്ജിംഗ് ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതുപോലെ സാൻഡ് ബൈപാസ്സിംഗ് നടത്തുന്നതിനുള്ള Environment Impact Study മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് വാങ്ങി നടപടി സ്വീകരിക്കുമെന്നും യാനങ്ങൾക്ക് സുരക്ഷിത പാതയൊരുക്കുമെന്നും പറഞ്ഞു. എന്നിട്ട് അവസാനം അദ്ദേഹം ഒരു കാര്യംകൂടി പറഞ്ഞു, അപ്പോൾ ഇവിടെയുള്ള എല്ലാവരും കൈയ്യടിച്ചു; ‘ ആവശ്യമായ പണമനുവദിച്ച് മുതലപ്പൊഴിയുടെ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണും’ എന്നതാണത്. എന്തെങ്കിലും കണ്ടോ? അതിൽ ഏറ്റവും സുപ്രധാനമായ കാര്യം

ഡ്രഡ്ജിംഗ് ആണ്. 31-07-2023-ന് ബഹുമാനപ്പെട്ട മന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. വി. ശിവൻകുട്ടിയും അന്ന് മന്ത്രിയായിരുന്ന ശ്രീ. ആന്റണി രാജുവുമുൾപ്പെടെയുള്ളവർ ചേർന്ന് നടത്തിയ മന്ത്രിതല യോഗത്തിൽ ഡ്രഡ്ജിംഗിനുവേണ്ടി പ്രോഗ്രാം ചാർട്ട് തയ്യാറാക്കണമെന്നാണ് പറഞ്ഞത്. അഞ്ച് മാസം കഴിഞ്ഞ് 03-01-2024-ൽ വീണ്ടും മന്ത്രിതലയോഗം ചേർന്ന് ഡ്രഡ്ജിംഗ് ത്വരിതപ്പെടുത്താൻ തീരുമാനിച്ചു. അതിനുശേഷം 20-01-2024-ന് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗം ചേർന്ന് ഡ്രഡ്ജിംഗ് ജോലികൾ പൂർത്തിയാക്കുന്നതിന് കർമ്മപദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചു. എന്നിട്ട് പ്രതിവാര പുരോഗതി വിലയിരുത്താനും തീരുമാനിച്ചു. ഇതൊന്നും നടന്നില്ല. 01-04-2024-ന് വീണ്ടും നടന്ന സെക്രട്ടറിതല ചർച്ചയിലാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ മൂന്ന് മാസം നീട്ടിക്കൊടുക്കാൻ തീരുമാനിച്ചത്. സമയബന്ധിതമായി പൂർത്തീകരിക്കാൻവേണ്ടി യോഗങ്ങളായ യോഗങ്ങളെല്ലാം വിളിച്ചുകൂട്ടിയിട്ട് അവസാനം തീയതി നീട്ടിക്കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. വീണ്ടും 02-05-2024-ൽ ചേർന്ന മന്ത്രിതല യോഗ തീരുമാനം അദ്ദേഹം

നിയമസഭയ്ക്ക് 12-ാം തീയതി നൽകിയ മറുപടിയിൽ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മേയ് 15-നകം Suction Dredger എത്തിച്ച് മുതലപ്പൊഴിയിലെ ഫിഷിംഗ് ഹാർബറിലെ ചാനൽ ഡ്രഡ്ജിംഗ് ആരംഭിക്കണം എന്നതാണ് മറുപടി. അതുകൂടാതെ, ഇനി Suction Dredger കിട്ടിയില്ലെങ്കിൽ സ്വകാര്യ വ്യക്തികളിൽനിന്നും Dredger എത്തിച്ച് മഴക്കാലത്തിന് മുൻപ് അഞ്ച് മീറ്റർ ആഴം ചാനലിൽ ഉറപ്പാക്കണമെന്ന് തീരുമാനിച്ചു. ഏത് മഴക്കാലമാണ്? സ്വകാര്യ Dredger ലഭ്യമാകുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് നൽകേണ്ടിരിയിരുന്നത്. ഈ മാസം 12-ാം തീയതി നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഇതുവരെയും Dredger സൈറ്റിൽ എത്തിയിട്ടില്ല എന്നാണ്. ഗവൺമെന്റ് യോഗം നടത്തുന്നുണ്ട്, തീരുമാനങ്ങളെടുക്കുന്നുണ്ട്. അപകടങ്ങൾക്കുള്ള മുഖ്യകാരണം അദ്ദേഹം പറഞ്ഞതുപോലെ അവിടെ മണൽ അടിയുന്നതാണ്. അത് നീക്കം ചെയ്യാനുള്ള നടപടികളാണ് ഇത്തരത്തിൽ കാലതാമസമുണ്ടാകുന്നത്. അത് സർക്കാരിന്റെ കുറ്റകരമായ അനാസ്ഥയാണെന്ന് ഞങ്ങൾ പറഞ്ഞാൽ ഞങ്ങളെ കുറ്റപ്പെടുത്താൻ കഴിയുമോ? ഇപ്പോൾ ഓടയ്ക്ക് ചാലെടുക്കുന്ന JCB വച്ച് അവിടെ

ഡ്രഡ്ജിംഗ് നടത്തുകയാണ്. JCB-യുടെ ബക്കറ്റിൽ എത്ര മണ്ണാണ് മാറ്റാൻ കഴിയുക? കണ്ണിൽ പൊടിയിടാനുള്ള പരിപാടിയാണ് നടക്കുന്നത്. മുതലപ്പൊഴി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുമെന്ന് 2021-ൽ അങ്ങ് പറഞ്ഞു. ഇന്നും അങ്ങ് അത് ആവർത്തിച്ചു. അവസാനം ഹാർബർ അടച്ചിടണമെന്ന പരിഹാരം കഴിഞ്ഞ 5-ാം തീയതി നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചു. ഇതിനൊരു സർക്കാരിന്റെ ആവശ്യമുണ്ടോ? തെക്കേ പുലിമുട്ട് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തി മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ട് എന്തായി? അങ്ങ് പറഞ്ഞ sand bypassing എന്താണ് നടക്കാത്തത്; അതൊന്നും നടക്കുന്നില്ലല്ലോ. Soil piping നടത്തുമെന്ന് പറഞ്ഞതും എങ്ങും എത്തിയില്ല. ഇപ്പോൾ മുതലപ്പൊഴിയിലെ കടലും കായലും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഏകദേശം 600 മീറ്റർ വീതിയുണ്ടായിരുന്ന ബീച്ചിന്റെ പല സ്ഥലങ്ങളിലും ഇപ്പോൾ 5 മീറ്റർ പോലും വീതിയില്ല. അഞ്ചുതെങ്ങ് മുതൽ മുതലപ്പൊഴിവരെയുള്ള പ്രദേശത്ത് പല സ്ഥലങ്ങളിലും 50 മീറ്റർ പോലും വീതിയില്ല. ഏതെങ്കിലും ഒരു രാത്രി തിര ആഞ്ഞുവീശിയാൽ അപ്പോൾ എല്ലാം തീരുന്ന അവസ്ഥയാണ്. 300-ഓളം

കുടുംബങ്ങളാണ് അവിടെ താമസിക്കുന്നത്. മൂന്ന് നിരയായി ആയിരക്കണക്കിന് വീടുകളുണ്ടായിരുന്ന സ്ഥലത്താണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ഡ്രഡ്ജിംഗ് എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. കോടി കണക്കിന് രൂപ ചെലവഴിച്ച് ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുന്ന സർക്കാരിന് ഒരു ഡ്രഡ്ജർ കൊണ്ടുവരാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞാൽ ഇതുപോലെ വളരെ പരിതാപകരമായ ഒരവസ്ഥ വേറെയുണ്ടോ. കരാർ പ്രകാരം അദാനി ഗ്രൂപ്പ് ഡ്രഡ്ജിംഗ് പൂർത്തിയാക്കിയില്ലെങ്കിൽ അവരെക്കൊണ്ട് പൂർത്തീകരിക്കാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റിനുണ്ടാകണം. നിങ്ങളും അവരും തമ്മിലുള്ള ഒത്തുകളിയാണോ ഈ നടക്കുന്നത്? ഓരോ മാസവും ഓരോ മരണം നടക്കുകയാണ്. 29-04-2024-ന് പുതുക്കുറിച്ചി സ്വദേശിയായ ജോൺ, 28-05-2024-ന് അഞ്ചുതെങ്ങ് സ്വദേശിയായ എബ്രഹാം, 20-06-2024-ന് വിക്ടർ എന്നിവർ മരണപ്പെട്ടു. മൂന്ന് മാസങ്ങളിലും തുടർച്ചയായി മരണങ്ങൾ നടന്നു. മരണങ്ങൾ നടക്കുമ്പോൾ നിങ്ങൾ യോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത യോഗങ്ങൾ

മത്സ്യത്തൊഴിലാളികളുടെ ദുര്യോഗമായി മാറുകയാണ്. യോഗം വിളിച്ചുയെന്ന് പറയുന്നതിനുവേണ്ടി മാത്രമാണ് നിങ്ങൾ യോഗം ചേരുന്നത്. 2022-ൽ വർക്കല വിളവുഭാഗം സ്വദേശിയായ ഷാനവാസ്, നിസാമുദ്ദീൻ എന്നിവരുൾപ്പെടെ ഒരു ബോട്ടിൽ പോയ നാലുപേർ മരണപ്പെട്ടു. അതിൽ ഏറ്റവും സങ്കടകരമായ കാര്യം, ബോട്ട് ഉടമയായ ചിലക്കൂർ സ്വദേശി കഹാർ മത്സ്യബന്ധനത്തിന് പോയപ്പോൾ മക്കളായ 19 വയസ്സുള്ള ഉസ്മാനും അനുജൻ മുഹമ്മദ് മുസ്തഫയും അച്ഛനെ സഹായിക്കാൻ പോയി. തിരിച്ചുവന്നപ്പോൾ ബോട്ട് അപകടത്തിൽപ്പെട്ടു. കഹാർ കഷ്ടിച്ച് രക്ഷപ്പെടുകയും മക്കൾ രണ്ടും മുങ്ങിമരിക്കുകയും ചെയ്തു. രാവിലെ മത്സ്യബന്ധനത്തിന് മക്കളെയുംകൂട്ടി പോയ പിതാവ് മക്കളില്ലാതെ വൈകുന്നേരം വീട്ടിലേയ്ക്ക് മടങ്ങുന്നതിന്റെ സങ്കടം യഥാർത്ഥത്തിൽ നമ്മുടെ കണ്ണ് തുറക്കേണ്ടതല്ലേ. മരണങ്ങൾ അസ്വസ്ഥമാക്കുന്നുയെന്ന് അങ്ങ് പറഞ്ഞു. അങ്ങയെ മാത്രമല്ല നമ്മൾ എല്ലാവരെയും അസ്വസ്ഥമാക്കുന്നുണ്ട്. ആ അസ്വസ്ഥതയുള്ള മനസ്സിന്റെ നടപടികളായി തുടർനടപടികളെ കാണാൻ കഴിയുന്നില്ലെന്നുള്ളത് പ്രതിഷേധത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. അവിടെ മരണപ്പെട്ടത്

73 പേരാണ്. അവരെ ആശ്രയിച്ച് കഴിയുന്ന നൂറുകണക്കിന് ആളുകളാണ് അവിടെ മരിച്ച് ജീവിക്കുന്നത്. അവരുടെയെല്ലാം ആശ്രയവും അത്താണിയുമാണ്. ഇനിയും കേന്ദ്ര അംഗീകാരം ലഭിക്കാത്ത ഒരു പദ്ധതിയിലാണ് ഇപ്പോഴും നമ്മൾ വിശ്വസിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതിക്ക് അംഗീകാരം കിട്ടി ടെണ്ടർ ചെയ്ത് ഇനി എത്ര വർഷമെടുക്കും അത് പൂർത്തീകരിക്കാൻ; ഒന്നര വർഷം കൊണ്ട് പൂർത്തീകരിക്കുമെന്ന് അങ്ങ് ആത്മവിശ്വാസം പ്രകടിപ്പിച്ചത് നല്ല കാര്യം. പക്ഷെ നമ്മുടെ അനുഭവമെന്താണ്; എത്ര വർഷമെടുക്കും അത് പൂർത്തീകരിക്കാൻ? ഡ്രഡ്ജിംഗ് ജോലികൾ അടിയന്തരമായി പൂർത്തീകരിക്കുകയും പൊളിച്ചുമാറ്റിയ തുറമുഖത്തിന്റെ തെക്ക് ഭാഗം വീണ്ടും പുനർനിർമ്മിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സർക്കാർ എത്ര ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുമെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. കടലുമായി ബന്ധപ്പെട്ട പഠനം തുടങ്ങുന്നത് കടലറിവുള്ള മത്സ്യത്തൊഴിലാളികളിൽനിന്നുമായിരിക്കണം. ഇവിടെ എല്ലാ പഠനവും പൂർത്തീകരിച്ചതിനുശേഷം അവിടെയുള്ള ആളുകളെ വിളിച്ച് ചർച്ച

ചെയ്യുകയാണ്. കരട് റിപ്പോർട്ട് വന്നതിനുശേഷമാണ് ചർച്ച ചെയ്യുന്നത്. കരട് റിപ്പോർട്ടും ചർച്ച ചെയ്തതിനുശേഷമുള്ള റിപ്പോർട്ടും തമ്മിൽ വള്ളിപുള്ളി വ്യത്യാസമില്ല. ഇവരുടെയെല്ലാം സ്ഥിരം സ്വഭാവമതാണ്. പ്രാദേശികമായ ആളുകൾ പറഞ്ഞാലും അനുഭവസ്ഥർ പറഞ്ഞാലും അവർ കണ്ടെത്തുന്ന പഠന റിപ്പോർട്ടിൽ ഒരു മാറ്റവും വരുത്താൻ അവർ തയ്യാറാകില്ല. കടലറിവുള്ള ആളുകളുടെ അഭിപ്രായങ്ങൾ വിലമതിക്കണം. മുൻകാലങ്ങളിൽ ഒരു ശാസ്ത്രീയ അടിത്തറയുമില്ലാതെതന്നെ കടലിന്റെ ഒഴുക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾ പറയാൻ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് കഴിയുമായിരുന്നു. ചേല് പറയുക എന്നാണ് അതിനെ പറയുന്നത്. ചേല് പറയുന്ന ചേലാളന്മാർ എല്ലാ തീരദേശങ്ങളിലുമുണ്ടായിരുന്നു. അവരുടെ അഭിപ്രായങ്ങൾ ചോദിക്കുന്നതിന് പകരം ഈ പഠന റിപ്പോർട്ടുകൊണ്ട് എന്തെങ്കിലും ഫലമുണ്ടോ. ഞാൻ ദീർഘമായി കടുന്നുപോകുന്നില്ല. നിരന്തരമായി അവർ സമരത്തിലാണ്; അവർ സാധാരണക്കാരാണ്. അഞ്ച് വർഷം കൊണ്ട് മത്സ്യത്തൊഴിലാളികളുടെ കണ്ണുനീർ തുടച്ചുമാറ്റുമെന്ന് കഴിഞ്ഞ അടിയന്തരപ്രമേയം അവസാനിപ്പിക്കാൻ സമയത്ത് ചുറ്റുമിരിക്കുന്ന ആളുകളുടെ കരഘോഷത്തോടുകൂടി അങ്ങ് പറഞ്ഞു.

ഇന്ന് തീരദേശത്തുനിന്ന് മത്സ്യത്തൊഴിലാളികളെയും അവരുടെ ജീവനുകളും തുടച്ചുമാറ്റിക്കൊണ്ടിരിക്കുകയാണ്. ഇത്രയും സുപ്രധാനമായ ഈ കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് കോൺസ്റ്റിറ്റ്യുവൻസിയിലെ അംഗമായ ശ്രീ. വി. ശശിക്ക് രണ്ട് വാക്ക് സംസാരിക്കാം.

ശ്രീ. വി. ശശി: സർ, ഞാൻ 2011 മുതൽ ഈ സഭയിലെ അംഗമാണ്. കഴിഞ്ഞ പന്ത്രണ്ട് വർഷമായി അവിടെ നടക്കുന്ന സംഭവങ്ങൾക്ക് സാക്ഷിയാണ്. 2011-ലാണ് മുതലപ്പൊഴി തുറമുഖം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. തുറമുഖ നിർമ്മാണത്തിന് സാങ്കേതിക സഹായം നൽകിയത് ഐ.ഐ.ടി. മദ്രാസ്സാണ്. അവരുടെ സാങ്കേതിക സഹായത്തോടുകൂടി നിർമ്മിച്ച തുറമുഖത്തിന്റെ നിർമ്മാണം അശാസ്ത്രീയമാണെന്ന് പറഞ്ഞുകൊണ്ട് ഒരുപാട് പ്രക്ഷോഭരണങ്ങൾ അന്ന് നടന്നിരുന്നു. അന്നും ഇതുപോലെ ധാരാളം ദാരുണസംഭവങ്ങൾ അവിടെ നടന്നു. ഒരുപാട് പ്രയാസങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് സൃഷ്ടിച്ചു. അതിനുശേഷം 2011-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ്, അന്നത്തെ

ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി നമ്മുടെ സഭയിലുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ CWPRS-ന്റെ പഠനം വീണ്ടും നടത്തി. അവരുടെ നിർദ്ദേശപ്രകാരം 31 കോടി രൂപ ചെലവഴിച്ച് പുനർനിർമ്മിച്ചു. നേരത്തെ സ്ഥാപിച്ചിരുന്ന പുലിമുട്ടുകൾ നീക്കി പ്രത്യേക ഡിസൈനിൽ ബാക്ക് വാട്ടർ നിർമ്മിച്ചു, അതാണ് ഇന്ന് നിലവിലുള്ളത്. അതും ഇന്ന് അശാസ്ത്രീയമാണെന്നാണ് നമ്മൾ വിലയിരുത്തുന്നത്. തുറമുഖത്തിന് അകത്തും പ്രാന്തപ്രദേശങ്ങളിലുമായി 73-ഓളം മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് പോകുമ്പോൾ ഏത് ഗവൺമെന്റായാലും ഏതെങ്കിലും സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിന്മേൽ തീരുമാനമെടുത്ത് നടപ്പാക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെല്ലാം നടന്നിട്ടുള്ളത്. ആ സന്ദർഭത്തിലൊക്കെ മത്സ്യത്തൊഴിലാളികളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കാറുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷമല്ല തയ്യാറാക്കുന്നതിന് മുമ്പുതന്നെ

മത്സ്യത്തൊഴിലാളികളെ വിളിച്ചുകൂട്ടി യോഗം കൂടുകയും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അനുഭവങ്ങളുമെല്ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണണമെന്ന ആഗ്രഹത്തോടുകൂടി ഗവൺമെന്റ് ഒട്ടേറെ പരിപാടികൾ സ്വീകരിച്ചിട്ടുണ്ട്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെയുള്ള തൊഴിലാളികൾക്ക് അത് ബോധ്യമാണ്. അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടാണ് എല്ലാ പ്രവർത്തനങ്ങളും മുന്നോട്ടുപോയിട്ടുള്ളത്. ഇപ്പോൾ ഗവൺമെന്റ് ഏറ്റെടുത്ത നടപടികളെല്ലാം അവരുടെ മുമ്പിൽ ഏറ്റവും അവസാനം കൂടിയ യോഗത്തിലും അവതരിപ്പിച്ചിരുന്നു. അവർ പൂർണ്ണമായും തൃപ്തരാണ്. എത്രയുംവേഗം അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്നാണ് ഞാൻ കാണുന്നത്. അതുവരെ ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടതുണ്ടെന്നാണ് എനിക്ക് ഗവൺമെന്റിനോട് സൂചിപ്പിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വൈകാരിക പ്രശ്നമായതുകൊണ്ട് ആ അർത്ഥത്തിൽ മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അദ്ദേഹത്തിന് ഈ വിഷയത്തിൽ രാഷ്ട്രീയ ലക്ഷ്യമുണ്ടാകും. എന്നാൽ ഞാൻ ഇതിൽ രാഷ്ട്രീയം കാണുന്നില്ല. പഠിച്ച രൂപത്തിലുള്ള സർജറി ഭംഗിയായിട്ടാണ് ചെയ്തത്. കാരണം അഞ്ചാം മാസം ഗവൺമെന്റ് അധികാരത്തിൽവന്നു. ഏഴാം മാസം മന്ത്രി പ്രസ്തുത സ്ഥലത്ത് പോകുകയും യോഗം വിളിച്ച് ചേർക്കുകയും പ്രശ്നം പഠിക്കുകയും ചെയ്തു. പഠിച്ച കാര്യങ്ങൾ സംബന്ധിച്ച് ഞാൻ നിയമസഭയിൽ പറഞ്ഞു. മണൽ അടിയുന്നതാണ് കാരണമെന്നും പൊഴിക്ക് വീതി കുറവാണെന്നും കാലാവസ്ഥാ വ്യതിയാനമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർദ്ദേശങ്ങൾ സ്വീകരിക്കാതെ അപകടത്തിൽപ്പെട്ട് പോകുന്ന കാരണങ്ങളെ സംബന്ധിച്ചുമെല്ലാം ഞാൻ വിശദീകരിച്ചു. അതിന് എന്താണ് പരിഹാര മാർഗ്ഗം? പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുൾപ്പെടെ ഞാൻ പറഞ്ഞതിനെക്കാൾ എന്തെങ്കിലും കൂടുതൽ

പരിഹാരമാർഗ്ഗങ്ങളുണ്ടെങ്കിൽ പറഞ്ഞാൽ ചെയ്യാം. പ്രസ്തുത വിഷയം പഠിക്കുന്നതിനായി സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തി. പഠന റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസമുണ്ടായപ്പോൾ ഗവൺമെന്റിൽനിന്നും ആളുപോയി സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ഇവിടെ കൊണ്ടുവന്നു. ആ സമയത്ത് കാലാവസ്ഥാ വ്യതിയാനംമൂലം കടലിൽ ഇറങ്ങാൻ സാധിച്ചില്ല. കടലിനെ ശാന്തമാക്കുന്നതിനായി മോശയുടെ വടിയെടുത്ത് അടിക്കാൻ എന്റെ കയ്യിൽ വടിയൊന്നുമില്ലായിരുന്നു. വടിയുണ്ടായിരുന്നെങ്കിൽ അതെടുത്ത് അടിച്ച് കടലിനെ ശാന്തമാക്കുമായിരുന്നു. അങ്ങനെ കാലാവസ്ഥാ പ്രശ്നംമൂലം ആറ് മാസം പഠനം നടക്കാതെ പോയി. കടൽ ശാന്തമായത് ആറ് മാസം കഴിഞ്ഞാണ്. ഇതിനിടയിൽ നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ നിരവധി ദുരന്തങ്ങളും പ്രയാസങ്ങളുമുണ്ടായ കാലമായിരുന്നു. ആ സന്ദർഭത്തിൽ സി.ഡബ്ല്യൂ.പി.ആർ.എസ്. വരുകയും അവരെക്കൊണ്ട് നിർബന്ധമായും നമ്മുടെ ഉദ്യോഗസ്ഥർ പ്രത്യേകമായ ഒരു സംവിധാനം പൂനെയിൽത്തന്നെ ഒരുക്കി അത് പഠിച്ച് റിപ്പോർട്ടാക്കി നമുക്ക് നൽകി, പത്ത്-ഇരുപത്തിയഞ്ച് ദിവസത്തിനുള്ളിൽ ഗവൺമെന്റിന് സമർപ്പിച്ചു. ഇതിനെ ഹരിത ഹാർബർ

ആക്കണമെന്ന നിർദ്ദേശം വീണ്ടും കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. ആ നിർദ്ദേശവും പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. അതുസംബന്ധിച്ചും പഠനം നടത്താൻ പത്തോ പതിനഞ്ചോ ദിവസമെടുത്തു. അതിനുശേഷം വീണ്ടും ഒരുപഠനംകൂടി നടത്താൻ പറഞ്ഞു. അത് സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ഏൽപ്പിച്ചു. കേന്ദ്ര ഗവൺമെന്റുകൂടി സഹകരിച്ചാൽ മാത്രമേ പ്രസ്തുത വിഷയം സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. അതിനാൽ കേന്ദ്ര ഗവൺമെന്റ് പറയുന്ന കാര്യങ്ങൾകൂടി പരിഹരിച്ച് മുപ്പത് ദിവസത്തിനകം കൊടുക്കാനുള്ള എല്ലാ സംവിധാനങ്ങളുമായിട്ടുണ്ട്. അതിനാൽ അക്കാര്യത്തിൽ ആശങ്ക വേണ്ട. 2021 മേയ് മാസത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ഏഴാം മാസം (ജൂലൈ) മുതൽ തുടങ്ങിയ ഈ പ്രവർത്തനം, 15 വർഷംകൊണ്ട് ചെയ്യേണ്ട കാര്യം ഈ സമയത്തിനുള്ളിൽ ചെയ്തുവെന്ന വസ്തുത ദയവായി അംഗീകരിക്കണം. വിമർശനങ്ങൾ കേൾക്കാൻ തയ്യാറാണ്. വിമർശനങ്ങൾ കേൾക്കുന്നതിൽ ഭയമുള്ള ആളല്ല ഞാൻ. സർക്കാർ ചെയ്യാത്തതുകൊണ്ടല്ല, അതിന്റെ കൂടെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട എം. വിൻസെന്റ് യോഗങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. യോഗങ്ങൾ നടത്തിയതാണോ കുഴപ്പമായത്?

ബഹുമാനപ്പെട്ട എം.എൽ.എ. ഉണ്ടല്ലോ; വിഴിഞ്ഞം മുതൽ മുതലപ്പൊഴി വരെയുള്ള സ്ഥലത്ത് എവിടെയെങ്കിലും ഒരു മത്സ്യത്തൊഴിലാളി ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് ഇടപെട്ടിട്ടില്ലെന്ന് പറയട്ടെ. തീരദേശ സംഭവമെന്ന് അങ്ങ് പറഞ്ഞല്ലോ. തീരദേശത്ത് ഒന്നും സംഭവിച്ചില്ല. ഒരു പ്രക്ഷോഭംപോലും നടത്താതെ തീരദേശത്തെ ജനങ്ങളെ ചേർത്തുപിടിച്ച ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റെന്ന് അഭിമാനത്തോടെ ഞാൻ പറയുകയാണ്. സമയക്കുറവുമൂലം അതുസംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ വിശദീകരിക്കാം. നമ്മുടെ വിഷയം അനുവാദം ലഭിച്ചാലുടൻ പണി ആരംഭിക്കുകയെന്നുള്ളതാണ്. ഹാർബർ അടച്ചുപൂട്ടാൻ തീരുമാനിച്ചുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഹാർബർ അടച്ചുപൂട്ടാനല്ല തീരുമാനിച്ചത്. കാലാവസ്ഥാ വ്യതിയാനമുണ്ടാകുന്ന മൺസൂൺ കാലത്ത് രണ്ട് മാസം അത് അടച്ചിടണമെന്ന് മന്ത്രിയെന്ന നിലയിൽ ഞാൻ പോയി കണ്ട് മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിൽ ആദ്യവർഷമാണ് പറഞ്ഞത്. ട്രേഡ് യൂണിയൻ നേതാക്കൻമാരെയും സഭാ പ്രതിനിധികളെയുമെല്ലാം വിളിച്ച് അവിടെ യോഗം ചേർന്നു. ഒരു കാരണവശാലും അടച്ചിടാൻ സാധിക്കില്ലെന്ന്

യോഗത്തിൽ അറിയിച്ചതിനെത്തുടർന്നാണ് ഹാർബർ അടച്ചിടാതിരുന്നത്. അതുസംബന്ധിച്ച തീരുമാനം കഴിഞ്ഞ വർഷം പറഞ്ഞപ്പോഴും അതിന് സാധിക്കില്ലെന്ന് അറിയിച്ചു. അതുകൊണ്ട് ഈ വർഷം രണ്ട് മാസം അടച്ചിടണമെന്ന് സർക്കാർ തീരുമാനമെടുത്തു. അപകടങ്ങൾ ഉണ്ടാകുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് പറഞ്ഞത് ശരിയാണ്. 73 പേർ മരിച്ചിട്ടുണ്ട്. പൊഴിയിൽ 29 പേർ മരിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ നിഷേധിക്കുന്നില്ല. അപകടങ്ങളുണ്ടാകുന്നതിന്റെ കാരണമെന്താണെന്ന് മനസ്സിലാക്കുന്നതുവരെ മൺസൂൺ സീസണുകളിൽ ഹാർബർ അടച്ചിടുകയെന്നതുള്ളതാണ്. ആ സമയത്ത് കാലാവസ്ഥാ വ്യതിയാനം പരിശോധിച്ച് പഠിച്ച് ഇക്കാര്യങ്ങളെ സംബന്ധിച്ച് പ്രാക്ടിക്കലായി അറിയാവുന്നവരുടെ ഒരു ടീമിനെ നിയോഗിക്കണമെന്ന ഒരു നിർദ്ദേശം വന്നു. ഗവൺമെന്റ് അക്കാര്യം അംഗീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ്-ചെയർമാൻ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ-കൺവീനർ, പഞ്ചായത്ത് മെമ്പർ, ശ്രീ. ജെറാൾഡ് (സി.ഐ.റ്റി.യു.), ശ്രീ. ബിജു ജോസഫ് (എ.ഐ.റ്റി.യു.സി.), ശ്രീ. സജീവ് പെരുമാതുറ (എസ്.റ്റി.യു.), ശ്രീ. ഔസേപ്പ് ആന്റണി (കോൺഗ്രസ്),

ശ്രീ. വലേര്യൻ ഐസക് (സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ), ഫാദർ ലൂസിയാൻ തോമസ്, ഫാദർ ജോൺ ബോസ്കോ, ഫാദർ മനോജ്, പെരുമാതുറ ജമാഅത്ത് പ്രതിനിധി, താഴംപള്ളി ശ്രീ. ലാസർ, ശ്രീ. സുലൈമാൻ. പ്രാക്ടിക്കൽ നോളജുള്ളവരോട് സംസാരിച്ചുവെന്ന് നിങ്ങൾ പറഞ്ഞല്ലോ; പ്രാക്ടിക്കൽ നോളജുള്ള **പതിനഞ്ച്** അംഗങ്ങളുടെ കമ്മിറ്റി അവിടെ പരിശോധിച്ച് ഏത് ദിവസമാണോ കാലാവസ്ഥാ വ്യതിയാനമുണ്ടാകുന്നത് ആ ദിവസം അവിടെ ഇറങ്ങരുതെന്ന് പറഞ്ഞതിനുശേഷമാണ് കഴിഞ്ഞ ദിവസം മരണമുണ്ടായത്. എല്ലാ ദിവസവും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കമ്മിറ്റി അവിടെയുണ്ട്. രക്ഷാ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? സാധിക്കുമെങ്കിൽ നെഞ്ചത്ത് കൈവച്ച് പറയണം. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നതിനുവേണ്ടി മൂന്ന് യാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മൂന്ന് ഷിഫ്റ്റുകളിലായി പരിശീലനം നേടിയ മുപ്പത് സീ റസ്ക്യൂ ഗാഡുകൾ ഹാർബറിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. റോഡ് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ മണിക്കൂറുകൾകൊണ്ട് പുതിയ റോഡുകൾ നിർമ്മിക്കുകയും

എല്ലാ സംവിധാനങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എല്ലാവിധ പ്രതിവിധികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മരണമുണ്ടാകുന്നു. അതിനകത്ത് വീണ ടെട്രാപോഡുകളും കല്ലുകളും മാറ്റുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തിയതുകൊണ്ടാണ് അദാനി 80% മാറ്റിയത്. അദാനിയുമായി ധാരണാപത്രമുണ്ടാക്കിയത് ഞാനല്ല. തുറമുഖത്തിന്റെ ഭാഗമായാണ് ധാരണാപത്രം വരുന്നത്. അതിന്റെ ഭാഗമായാണ് പുലിമുട്ടിന്റെ ഒരുഭാഗം പൊളിച്ചത്. പുലിമുട്ട് പൊളിച്ചതിനുശേഷം പുനഃസ്ഥാപിക്കാൻ തീരുമാനമെടുത്താൽ അതിന്റെ ഉത്തരവാദിത്വം അദാനി ഗ്രൂപ്പ് ചെയ്തില്ലെങ്കിൽ അത് ചെയ്യിപ്പിക്കാനുള്ള കരുത്തും തന്റേടവും ഈ ഗവൺമെന്റിനുണ്ടെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളാരും അദാനിയുടെ ചെലവിൽ കഴിയുന്നവരല്ലെന്ന കാര്യം മനസ്സിലാക്കണം. മത്സ്യത്തൊഴിലാളി സംഘടനകൾ നിർദ്ദേശിച്ചതു പ്രകാരമാണ് ഇതെല്ലാം സർക്കാർ നിർവ്വഹിച്ചിട്ടുള്ളത്. ധനസഹായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക്

ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10 ലക്ഷം രൂപവീതം ധനസഹായം നൽകിവരുന്നുണ്ട്. മത്സ്യഫെഡിന്റെ ഇൻഷ്വറസ് പദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്ക് ആ പണം ലഭിക്കില്ല. 25-05-2016 മുതൽ മുതലപ്പൊഴി അപകടത്തിൽപ്പെട്ട 13 മത്സ്യത്തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് ടി ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം നൽകിക്കഴിഞ്ഞു. ഇൻഷ്വറൻസ് പരിരക്ഷയുള്ള യാനങ്ങൾക്ക് ഇൻഷ്വറൻസ് തുക കമ്പനികൾ മുഖാന്തരം നൽകുകയും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തവയ്ക്ക് CMDRF മുഖാന്തരം പരമാവധി ധനസഹായം നൽകിവരുകയും ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുന്നവർക്കെല്ലാം അതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി 2021 ഡിസംബർ 28-ാംതീയതി പൊതുയോഗം/അദാലത്ത് ഞാനും ബഹുമാനപ്പെട്ട ശ്രീ. ആന്റണി രാജു ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോൾ തിരുവനന്തപുരത്തുവച്ച് നടത്തിയിരുന്നു. പണം ലഭിക്കാത്ത 167 ഇൻഷ്വറൻസ് കേസ്സുകൾ തീർപ്പാക്കിയെന്ന് ഞാൻ ആത്മാർത്ഥമായി പറയുകയാണ്. ഈ ഗവൺമെന്റ്

ഒന്നും ചെയ്തിട്ടില്ലെന്ന് പറയാൻ സാധിക്കുമോ? 2004 മുതൽ മരണപ്പെട്ട 201 പേരുടെ കുടുംബങ്ങൾക്ക് പണം നൽകാതിരുന്ന കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അദാലത്ത് മുഖേന കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലായി 167 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപവീതം നൽകിയിട്ടുണ്ട്. ആകെ 15,82,67,500/- രൂപ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നൽകിയ ഒരു ഗവൺമെന്റാണ് ഇതെന്ന കാര്യം ഓർക്കണം.

മുതലപ്പൊഴിയെ സംബന്ധിച്ച് ഒരു കാര്യം കൂടി പറയാം. അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇപ്പോൾ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. ശ്രീ. വിൻസെന്റ് എം.എൽ.എ. പറഞ്ഞതുമായി ഞാൻ വിയോജിക്കുന്നില്ല. അടിയന്തരമായി ഡ്രഡ്ജിംഗ് നടത്തുകയും 164 കോടി രൂപയുടെ പ്രോജക്ട് നടപ്പിൽവരുത്തുകയും വേണം. ഇപ്പോൾ നടക്കുന്ന നിർമ്മാണത്തിന്റെ ഭാഗമായി പൊളിച്ച പുലിമുട്ട് നിർമ്മിക്കാനും സാധിക്കും. ഇതോടൊപ്പംതന്നെ ഗ്രോയിൻ നിർമ്മാണത്തിന് കിഫ്ബിവഴി ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പണം അനുവദിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന

തുറമുഖത്തിന്റെ വടക്കുഭാഗത്തുള്ള താഴമ്പള്ളി തീരത്തിന്റെയും കഠിനംകുളം കായലിന്റെയും തീരസംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 26.51 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനുവേണ്ടി 2.7 കിലോമീറ്റർ തീരം സംരക്ഷിക്കുന്നതിനായി 10 ഗ്രോയിനുകളുടെ നിർമ്മാണം ആരംഭിക്കേണ്ടതായിട്ടുണ്ട്. അതിന്റെ നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ആ ഗ്രോയിനുകൾ നിർമ്മിച്ചുകഴിഞ്ഞാൽ താഴോട്ടുള്ള ശക്തമായ കടലേറ്റവും പൊഴിയിലെ പ്രശ്നങ്ങളും പരിഹരിച്ച് 164 കോടി രൂപയുടെ പ്രോജക്ടുകൂടി ചെയ്താൽ പൂർണ്ണമായും ഇത് പരിഹരിക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നിർമ്മാണത്തിലെ അപാകതയുടെ ഉത്തരവാദിത്വം ആരാണ് ഏറ്റെടുക്കുന്നത്? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഇത് തുടങ്ങിയത്. നിർമ്മാണത്തിലെ അപാകത എന്തുകൊണ്ടാണ് അപ്പോൾ പഠിക്കാതിരുന്നത്? ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) മന്ത്രിയായിരുന്ന സമയത്ത് ഒരു പദ്ധതി നടപ്പിലാക്കിയിരുന്നല്ലോ; സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ഉപയോഗിച്ച്

നിങ്ങൾ പഠനം നടത്തിയതല്ലേ; അപ്പോൾ എന്തുകൊണ്ടാണ് അപാകത തീർക്കാതിരുന്നത്? നമ്മുടെ അറിവുകളും സാങ്കേതികമായ വൈദഗ്ദ്ധ്യവും ചേർത്താണ് ഇതിന്റെ തീരുമാനങ്ങളുണ്ടാകുന്നത്. ഇപ്പോൾ ലഭിച്ചിട്ടുള്ള സി.ഡബ്ല്യു.പി.ആർ.എസ്.-ന്റെ റിപ്പോർട്ടുവച്ച് അവിടുത്തെ മുഴുവൻ മത്സ്യത്തൊഴിലാളി സംഘടനകളുമായും ചർച്ച നടത്തിയിരുന്നു. അവരുടെ നിർദ്ദേശങ്ങൾ കേട്ടതിനുശേഷമാണ് അന്തിമ തീരുമാനമെടുത്തിട്ടുള്ളത്.

അപകടത്തിൽപ്പെട്ടവരെക്കുറിച്ച് പറഞ്ഞപ്പോൾ കഹാറിന്റെ മക്കളെപ്പറ്റി പറഞ്ഞു. കഹാറിന്റെ മക്കളായ ഉസ്മാൻ, മുസ്തഫ എന്നിവർ 05-09-2022-ൽ മരണപ്പെട്ടു. അവർ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളായിരുന്നില്ല. ശ്രീ. വിൻസെന്റ് എം.എൽ.എ.-യുടെ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അവർ അംഗങ്ങളല്ലാതിരുന്നിട്ടും CMDRF-ൽനിന്നും രണ്ട് ലക്ഷം രൂപ വീതം അടിയന്തര സഹായമായി അവരുടെ കുടുംബത്തിന് കൊടുത്തുവെന്നകാര്യം നിങ്ങൾ മനസ്സിലാക്കണം, അവരെ സർക്കാർ കൈവിട്ടില്ല. അവർ ഇൻഷ്വറൻസ് എടുത്തിരുന്നെങ്കിൽ 20 ലക്ഷം രൂപ ലഭിക്കുമായിരുന്നു; അവർ ക്ഷേമനിധിയിൽ അംഗമല്ലാതിരുന്നതുകൊണ്ട്

ലഭിച്ചില്ല. 10-07-2023-ൽ മരണപ്പെട്ട നാലുപേരിൽ മൂന്നുപേരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപവീതം CMDRF-ൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. ക്ഷേമനിധിയിൽനിന്നും 10 ലക്ഷം രൂപ വീതം ഇൻഷ്വറൻസിൽ അംഗങ്ങളായവരുടെ കുടുംബത്തിന് നൽകാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 20-06-2024-ൽ മരണപ്പെട്ട വിക്ടർ ഇൻഷ്വറൻസ് എടുത്തിരുന്ന ആളായതുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ എത്രയും വേഗം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന് പുനർഗേഹം പദ്ധതിപ്രകാരം ഒരു വീടും അനുവദിച്ചിട്ടുണ്ട്. ആ കുടുംബത്തിന് മത്സ്യബോർഡിൽനിന്നുമുള്ള മറ്റ് സഹായങ്ങൾ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. മരണപ്പെട്ട ആളുകളെ സഹായിച്ചുകൊണ്ട് അവരുടെ കുടുംബങ്ങൾ അനാഥമാകാതിരിക്കാൻ ഒരു ഗവൺമെന്റിനും മനുഷ്യനും ചെയ്യാവുന്ന സകലകാര്യങ്ങളും അവിടെ ചെയ്തിട്ടുണ്ട്. മുതലപ്പൊഴിയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ എല്ലാ മുൻകരുതലുകളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി, കഴിഞ്ഞ രണ്ട് വർഷംകൊണ്ട് പഠനം നടത്തി

റിപ്പോർട്ടാക്കി മത്സ്യത്തൊഴിലാളികളോട് സംസാരിച്ച് അവരുടെ അഭിപ്രായങ്ങളെല്ലാംകേട്ട് അന്തിമമായി തീരുമാനങ്ങൾ കേന്ദ്രഗവൺമെന്റിന് മുമ്പിൽ അവതരിപ്പിച്ച് തത്വത്തിൽ അംഗീകാരം വാങ്ങാൻ കഴിഞ്ഞുവെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. തുടർന്നും മുതലപ്പൊഴി അപകടരഹിതമാക്കാൻ പ്രദേശവാസികളോടും മത്സ്യത്തൊഴിലാളികളോടും ചർച്ച ചെയ്യണമെങ്കിൽ ചെയ്യാം. എന്തായാലും ഇത് പൊതുവായ പ്രശ്നമായതുകൊണ്ട് നമ്മൾ ഒരുമിച്ച് ഈ പ്രശ്നം കേന്ദ്രഗവൺമെന്റിന് മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽനിന്നും പോസിറ്റീവായ നിലപാടുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമുക്ക് ലഭിക്കുന്ന വിവരങ്ങളാണ് നിയമസഭയിൽ പറയുന്നത്. ഇവിടെ ഡ്രഡ്ജിംഗിനെക്കുറിച്ച് പറഞ്ഞു; അദാനി ഗ്രൂപ്പ് അവിടെ ഡ്രഡ്ജിംഗ് നടത്തി. ഏറ്റവുമവസാനം ഞങ്ങൾ മീറ്റിംഗ് കൂടി. നിങ്ങൾ മനസ്സിലാക്കേണ്ടത് അവിടെ രൂക്ഷമായ തിരമാലയുള്ളതിനാൽ ഡ്രഡ്ജറിന് എത്താൻ കഴിയില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ക്രെയിൽ ഉപയോഗിച്ച് മണ്ണ് മാറ്റുന്നത്. ജെ.സി.ബി.-യുടെ ചെറിയൊരു കമ്പുകൊണ്ടാണ് മണ്ണ് മാറ്റുന്നതെന്നൊക്കെ പറയുന്നത് വളരെ മോശമാണ്, അങ്ങനെയൊന്നും

പറയരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടം സന്ദർശിച്ച് അവിടെ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കണം. ആഴം കൂട്ടുന്ന പ്രവൃത്തിയാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അവിടെ മനുഷ്യസഹജമായ എല്ലാ സഹായങ്ങളും സംരക്ഷണവും ഞങ്ങൾ ചെയ്യുന്നുണ്ട്. ഇതിൽക്കൂടുതൽ ചെയ്യാൻ കഴിയില്ല. അതുകൊണ്ട് സി.ഡബ്ല്യൂ.പി.ആർ.എസ്. നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നമ്മളെല്ലാവരുംചേർന്ന് ഒന്നര വർഷത്തിനകം, ആ വാക്ക് ഞാൻ അടിവരയിട്ടുപറയുന്നു; അല്ലെങ്കിൽ നാളെ ശ്രീ. എം. വിൻസെന്റ് വീണ്ടും ചോദിക്കും അന്ന് ഒന്നരവർഷമെന്നല്ലേ പറഞ്ഞതെന്ന്. ഒന്നര വർഷത്തിനകം എല്ലാവരുംചേർന്ന് നിർമ്മാണം പൂർത്തീകരിച്ചുകൊണ്ട് മുതലപ്പൊഴിയുടെ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല. നിങ്ങൾ സഹകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ

നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കാറ്റെടുത്തും കടലെടുത്തുംപോയ ജീവിതങ്ങളെക്കുറിച്ചും അവരുടെ സങ്കടങ്ങളെക്കുറിച്ചുമാണ് ഇന്ന് സഭ ചർച്ച ചെയ്യുന്നത്. പ്രകൃതിയുമായി ഇഴുകിച്ചേരാത്ത മനുഷ്യ നിർമ്മിതികൾ നമ്മുടെ ഭൂപ്രകൃതിക്കും മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും സർവ്വനാശം വരുത്തുന്ന കാഴ്ചയാണ് നമ്മൾ അവിടെ കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ എട്ടൊൻപത് വർഷംകൊണ്ട് 120 അപകടങ്ങളും 73 മരണങ്ങളുമാണ് അവിടെയുണ്ടായത്. 700-ൽ അധികം ആളുകൾക്ക് പരുക്കുപറ്റി. 100 കണക്കിന് വീടുകൾ കടലെടുത്തു. ലക്ഷക്കണക്കിന് രൂപയുടെ വള്ളവും വലയും നഷ്ടപ്പെട്ടു. ഭാര്യമാരുടെ കെട്ടുതാലിവരെ പണയപ്പെടുത്തിയാണ് കുറച്ചാളുകൾ ഒന്നിച്ചുചേർന്ന് വള്ളവും വലയും വാങ്ങുന്നത്. എല്ലാം നഷ്ടപ്പെടുകയാണ്. നിരന്തരമായി മരണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം

സാമൂഹ്യമാധ്യമത്തിൽ ഒരു പെൺകുട്ടിയുടെ പ്രസംഗമുണ്ടായിരുന്നു. ആ പെൺകുട്ടിയുടെ കുടുംബത്തിലെ 4 പേരെ നഷ്ടപ്പെട്ടു. ആ കുട്ടിയുടെ വാക്കുകൾ നമ്മുടെ ചങ്ക് തുളച്ചുകയറുന്നതാണ്. ഭരണകൂടത്തോടാണ് ചോദിക്കുന്നത്. അവരുടെ ചോദ്യം കേട്ടാൽ ഗവൺമെന്റ് മാത്രമല്ല നമ്മൾകൂടിയുണ്ടെന്ന് തോന്നും. നിസ്സംഗരായി, നിസ്സഹായരായി നിങ്ങൾ ഒന്നുംചെയ്യാതെ നിൽക്കുകയാണോയെന്നാണ് അവരുടെ ചോദ്യം. ഞങ്ങളെ എത്രപ്രാവശ്യം നിങ്ങളെല്ലാം വന്ന് ആശ്വസിപ്പിച്ചു, എന്തെല്ലാം ഉറപ്പുകളും വാഗ്ദാനങ്ങളും നൽകി. അപകടമുണ്ടെന്നറിഞ്ഞിട്ടും എന്തുകൊണ്ടാണ് ഞങ്ങൾ വീണ്ടും കടലിൽ പോകുന്നത്?... ഞാൻ ഒരു വീട്ടിൽ പോയി. ആ വീട്ടിലെ അപ്പനെ കടലെടുത്തുകൊണ്ടുപോയി. പത്താമത്തെ ദിവസം അദ്ദേഹത്തിന്റെ ഏക മകൻ കടലിൽ പോകാൻ തയ്യാറെടുക്കുന്നു. കടലിൽ പോയില്ലെങ്കിൽ അവരുടെ വീട് പട്ടിണിയാകും. തീരപ്രദേശത്ത് വലിയ ഐശ്വര്യവും സമൃദ്ധിയുമൊന്നുമല്ലെന്നുള്ളത് അങ്ങേയ്ക്ക് നന്നായറിയാം. കാലാവസ്ഥാ വ്യതിയാനങ്ങൾകൊണ്ടും മത്സ്യലഭ്യതയില്ലാത്തതുകൊണ്ടും അതുപോലെ കടലിൽ പോകരുതെന്നുള്ള നിരന്തരമായ കാലാവസ്ഥാ മുന്നറിയിപ്പുകൊണ്ടും

കടലിൽ പോകാൻ കഴിയുന്നില്ല. കടലിൽ പോയില്ലെങ്കിൽ വീട് പട്ടിണിയാണ്. ഒരു വർഷം എത്ര മുന്നറിയിപ്പാണ് കൊടുക്കുന്നത്. അത്രയും മുന്നറിയിപ്പ് കൊടുക്കുമ്പോൾ അവർക്ക് ഒരു ആശ്വാസം കൊടുക്കണ്ടേ? ഇത്രദിവസം ജോലി ചെയ്യേണ്ടെന്ന് സർക്കാർ മുന്നറിയിപ്പ് കൊടുക്കുകയാണ്. കാലാവസ്ഥാ മുന്നറിയിപ്പ് കൊടുക്കണം. പക്ഷേ അവർക്ക് ജീവിക്കേണ്ടേ? മണ്ണെണ്ണക്ക് 40 രൂപ വിലയുള്ളപ്പോഴാണ് 25 രൂപ സബ്സിഡി ഉമ്മൻചാണ്ടി സർക്കാർ കൊടുത്തത്. ഇപ്പോൾ മാർക്കറ്റിൽ മണ്ണെണ്ണയുടെ വില 120 മുതൽ 140 രൂപവരെയാണ്. എന്നാൽ സബ്സിഡി ഇപ്പോഴും 25 രൂപയായി തുടരുകയാണ്. വട്ടിപ്പലിശയ്ക്ക് കടം വാങ്ങിയാണ് അവർ കടലിൽ പോകുന്നത്. പ്രധാനമായും മൂന്ന് മാസമാണ് മത്സ്യലഭ്യതയുള്ളത്. ആ മൂന്ന് മാസക്കാലമാണ് കടലിൽ പോകുന്നത്. അവർ ബാക്കിയുള്ള 9 മാസക്കാലം വട്ടിപ്പലിശക്കാരുടെ കയ്യിൽനിന്നും പണം വാങ്ങി ജീവിക്കുന്ന പാവങ്ങളാണ്. ഈ കടം തീർക്കാൻവേണ്ടിയാണ് അവർ കടലിൽ പോകുന്നതെന്നുകൂടി നമ്മൾ അറിയണം. നിരവധി വർഷങ്ങളായി നമ്മളുടെ മുന്നിലുള്ള ഒരു വിഷയം നമ്മുടെ മുന്നിൽ വീണ്ടും വന്നു. ആ വിഷയം തീർക്കാൻ ഗവൺമെന്റ്

നടപടിയെടക്കണ്ടേ? അങ്ങ് പറഞ്ഞതുപോലെ കടൽ വഴിമാറിപ്പോകാൻ പറയുന്ന മോശയുടെ വടിയൊന്നും ഞങ്ങളുടെ കൈയിലില്ല, അലാവുദീന്റെ അത്ഭുതവിളക്കുമില്ല. ബൈബിൾ പറഞ്ഞതുകൊണ്ട് ഭരണാധികാരികളോട് ഞാൻ അതുതന്നെ പറയാം; സോളമന് ഒരു പ്രാർത്ഥനയുണ്ട്, എല്ലാ ഭരണാധികാരികളും അറിഞ്ഞിരിക്കേണ്ട പ്രാർത്ഥന, ദൈവത്തോട് പറയുന്നത് നീ എനിക്ക് നിന്റെ പ്രജകളെ നന്നായി നടത്തിക്കൊണ്ടുപോകാനുള്ള ജ്ഞാനം തരണമെന്നാണ്. പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് പരിഹരിക്കാനും നടപടി സ്വീകരിക്കാനുമുള്ള അറിവും ജ്ഞാനവും വഴിയും നീ എനിക്ക് കാണിച്ചുതരണമെന്നാണ്. ആ പ്രാർത്ഥന മനസ്സിലുണ്ടെങ്കിൽ ഈ വിഷയത്തിന് ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള നടപടി സ്വീകരിക്കാം, അതല്ലേ വേണ്ടത്? ഇവരുടെ സങ്കടങ്ങൾ കാണുമ്പോൾ ആ സങ്കടങ്ങൾ ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. 2023-24-ലെ ബജറ്റിൽ 50 ലക്ഷം രൂപ മുതലപ്പൊഴി മാസ്റ്റർ പ്ലാനിനായി വകയിരുത്തിയിട്ടുണ്ട്. അതിൽ ഒരു രൂപയെങ്കിലും ചെലവഴിച്ചിട്ടുണ്ടോ? തീരദേശ പരിപാലന പ്രവർത്തനങ്ങൾക്ക്

പത്ത് ലക്ഷം രൂപ വകയിരുത്തിയതിലും ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. അങ്ങ് ധാരാളം മന്ത്രിതല മീറ്റിംഗ് നടത്തുന്നുണ്ട്, ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. മീറ്റിംഗ് നടത്തിയ കാര്യം പറയുന്നത്; ഒരു വർഷംമുമ്പ് 31-07-2023-ന് മൂന്ന് മന്ത്രിമാർ, ഞാൻ അവരുടെ പേര് പറയുന്നില്ല. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, നേരത്തെ പറഞ്ഞതുപോലെ മത്സ്യത്തൊഴിലാളി മേഖലയിലെ യൂണിയനുകൾ എല്ലാവരും ചേർന്ന് നടത്തിയ മീറ്റിംഗിൽ കൊടുത്തൊരു ഉറപ്പുണ്ട്. ഇതിന് സി.ഡബ്ല്യു.പി.ആർ.എസ്.-ന്റെ പഠനതിയൊന്നും വരേണ്ടതില്ല. (1) പുലിമുട്ടിലെ കല്ലും മണ്ണും നീക്കാൻ നടപടി സ്വീകരിക്കും - അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജ് ചെയ്യാൻ സ്ഥിരം സംവിധാനമൊരുക്കുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തു. അത് ചെയ്തില്ലല്ലോ; മണ്ണ് അവിടെയുണ്ടല്ലോ? 6 മീറ്റർ ആഴം വേണ്ടിടത്ത് 2 മീറ്റർ മാത്രമാണുള്ളത്. അതുകൊണ്ടാണ് അപകടം നടക്കുന്നത്. മൺതിട്ടയിൽ ഇടിച്ചാണ് ബോട്ട് മറിയുന്നത്. അദാനിയുടെ വർക്ക് തുടങ്ങിയതിനുശേഷം വീണ്ടും അതിന്റെ ആഴം കുറഞ്ഞു. അതുകൊണ്ടാണ് 2018-ൽ നിങ്ങൾ അദാനിയുമായി എഗ്രിമെന്റുണ്ടാക്കിയത്. ഡ്രഡ്ജ് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം മുഴുവൻ

അവർക്കാണ്. 6 മീറ്റർ ആഴം വേണ്ട ഈ ഹാർബറിൽ 2 മീറ്റർ ആഴമേയുള്ളൂ. അപ്പോൾ പുലിമുട്ടിലെ കല്ലും മണ്ണും നീക്കാൻ നടപടി സ്വീകരിക്കുമെന്നുപറഞ്ഞത് യാഥാർത്ഥ്യമാക്കിയിട്ടില്ല. ആ നടപടി മുന്നോട്ട് പോകുന്നില്ല. (2) മുങ്ങൽ വിദഗ്ദ്ധരുടെ സേവനം അടിയന്തരമായി ലഭ്യമാക്കുമെന്ന് പറഞ്ഞു - അതും നടപ്പാക്കിയിട്ടില്ല. അതുപോലെ 24 മണിക്കൂറിനകം ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുമെന്ന് പറഞ്ഞതും നടപ്പാക്കിയിട്ടില്ല. കഴിഞ്ഞ ദിവസം മരിച്ച വിക്ടറിനെ കൊണ്ടുപോകാൻ അവിടെ ആംബുലൻസ് ഉണ്ടായിരുന്നില്ല. കരയിലെത്തിക്കുമ്പോൾ വിക്ടറിന് ജീവനുണ്ടായിരുന്നു. അവിടെ ആംബുലൻസ് ഉണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ വിക്ടറിന്റെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. വേറെ വാഹനത്തിലാണ് കൊണ്ടുപോയത്. റസ്ക്യൂ ബോട്ട് ആവശ്യപ്പെട്ടപ്പോൾ ഒരു ബോട്ടിനുപകരം മൂന്ന് ബോട്ട് കൊടുക്കാമെന്ന് പറഞ്ഞു. ഒരു റസ്ക്യൂ ബോട്ടും ഉണ്ടായിരുന്നില്ല. റസ്ക്യൂ ബോട്ട് വന്നപ്പോൾ ആദ്യം അത് ഡ്രൈവ് ചെയ്യാൻ പരിചയമില്ലെന്നും പരിശീലനം ലഭിക്കാത്ത ആളാണെന്നും പറഞ്ഞു. രണ്ടാമത് ഡീസൽ ഇല്ലെന്നുപറഞ്ഞു. ഇതാണ് റസ്ക്യൂ ബോട്ടിന്റെ സ്ഥിതി. സി.ഡബ്ല്യൂ.പി.ആർ.എസ്.

പഠനം നടത്തി ഡിസംബറിൽ റിപ്പോർട്ട് നൽകുമെന്നാണ് പറഞ്ഞ്. അതിന്റെ കരട് റിപ്പോർട്ട് നൽകിയെന്നാണ് ഞങ്ങൾ പറഞ്ഞത്. അതിൽ പ്രാചീനമായ അറിവുകൾവെച്ച് ധാരാളം നിർദേശങ്ങൾ നൽകിയിട്ടുണ്ട്. Indigenous knowledge എന്നത് ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ചെന്നൈ ഐ.ഐ.ടി.-യിൽ പഠനം നടത്തിയശേഷം ഹാർബർ പണിതെങ്കിലും പ്രശ്നങ്ങൾ തീരുന്നില്ല. ഈ ഏജൻസികളൊക്കെ നല്ലതാണ്, പക്ഷേ കടലറിവ് എന്ന പ്രാചീനമായ അറിവ് വളരെ പ്രധാനമാണ്. ഞാൻ ഒരു കാര്യം ഓർമ്മിക്കുകയാണ്. 2018-ലെ വെള്ളപ്പൊക്കത്തിൽ എന്റെ നിയോജകമണ്ഡലമായ പറവൂരിൽ വെള്ളം നിറഞ്ഞപ്പോൾ നാളെയത് മാറുമെന്ന് എല്ലാ ഉദ്യോഗസ്ഥരും പറഞ്ഞപ്പോൾ ഈ വെള്ളം ഇപ്പോൾ പോകില്ലെന്നും നാലാമത്തെ ദിവസം മാത്രമെ വെള്ളമിറങ്ങുകയുള്ളൂവെന്നും അന്ന് രക്ഷാപ്രവർത്തനത്തിനുവന്ന മത്സ്യത്തൊഴിലാളികൾ പറഞ്ഞു. എന്താണ് കാരണമെന്ന് ഞാൻ അവരോട് ചോദിച്ചപ്പോൾ കടൽ അപ്പോൾ മാത്രമെ വെള്ളം ഏറ്റെടുക്കുകയുള്ളൂവെന്നും നാലാമത്തെ ദിവസം നോക്കിയാൽ മതിയെന്നും രക്ഷാ പ്രവർത്തനങ്ങൾ ചെയ്യുന്നതാണ് നല്ലതെന്നും അവർ

പറഞ്ഞു. ഉദ്യോഗസ്ഥന്മാർ പറഞ്ഞതായിരുന്നില്ല ശരി. ആ രക്ഷാപ്രവർത്തനത്തിനുവന്ന മത്സ്യത്തൊഴിലാളികൾ പറഞ്ഞതുപോലെ നാലാമത്തെ ദിവസമാണ് വെള്ളമിറങ്ങിയത്. കടലിനെയും തിരമാലകളെയും സംബന്ധിച്ച് അറിവുള്ളതുകൊണ്ടാണ് അവർക്ക് അത് പറയാൻ സാധിച്ചത്. സാൻഡ് ബൈപ്പാസ്സിന്റെ ഭാഗമായി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് മണ്ണ് പോകുകയും അടുത്ത സീസണിൽ ആ സ്ഥലത്തുനിന്ന് മണ്ണ് തിരിച്ച് വരികയും ചെയ്യുന്നത് ഒരു നാച്വറൽ പോസസ്സാണ്. ഹാർബർ നിർമ്മാണത്തിലൂടെ കൃത്യമായി സാൻഡ് ബൈപ്പാസ് നടക്കുന്നില്ല. ഇത്തരം അറിവുകൾ നമ്മൾ കൃത്യമായി പ്രയോജനപ്പെടുത്തിയിട്ടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. 22 ലൈഫ് ഗാർഡുകളെ നിയമിച്ച് ആവശ്യത്തിന് സുരക്ഷാ സംവിധാനമൊരുക്കുമെന്ന് പറഞ്ഞതും പാലിച്ചിട്ടില്ല. ദീർഘകാലത്തേയ്ക്കുള്ള പദ്ധതിയാണ് ഇപ്പോൾ പറഞ്ഞത്. 125 മീറ്റർ വീതി ആവശ്യമുള്ള സ്ഥലത്ത് 60 മീറ്റർ വീതിയും ആറുമീറ്റർ ആഴം ആവശ്യമുള്ള സ്ഥലത്ത് 2 മീറ്റർ ആഴവും മാത്രമാണുള്ളത്. അദാനിയുമായി ബന്ധപ്പെട്ട കാര്യങ്ങളും ഞങ്ങൾ അദാനിയുടെ ആളുകളല്ല എന്നതിനെപ്പറ്റിയും അങ്ങ് ഇവിടെ പറഞ്ഞു. 2018-

ൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റുമായി ധാരണാപത്രം ഒപ്പുവച്ചു. നാവിഗേഷൻ ചാനൻ ഡ്രഡ്ജ് ചെയ്ത് അതിന്റെ ആഴം അഞ്ചോ ആറോ മീറ്ററായി നിലനിർത്താൻ അദാനി പോർട്ടിനെ ചുമതലപ്പെടുത്തി. എന്നാൽ അദാനി കമ്പനി ഈ മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടു. നിലവിൽ കടലിനടിയിൽ പാറകളും ടെട്രാപോഡുകളും ഉൾപ്പെടെ വീണുകിടക്കുകയാണ്. അതുംകൂടി നീക്കം ചെയ്താൽ മാത്രമെ കടലിന്റെ ആഴം കൂട്ടാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് 03-01-2024, 20-01-2024, 01-04-2024 എന്നീ തീയതികളിൽ മീറ്റിംഗ് നടത്തി. ഫിഷറീസ് സെക്രട്ടറി തലത്തിൽ മീറ്റിംഗ് കൂടിയത് ശരിയാണ്. നിങ്ങൾ അവിടെ കണ്ടെത്തിയത് എന്തായിരുന്നു? ഡ്രഡ്ജ് ചെയ്യുന്നതിൽ അദാനി ഗ്രൂപ്പ് പരാജയപ്പെട്ടുവെന്നതാണ്, അവരത് ചെയ്യുന്നില്ലായെന്നാണ് നിങ്ങളുടെ കണ്ടെത്തൽ. ഇക്കാര്യത്തിൽ മൂന്ന് പ്രാവശ്യം യോഗം ചേർന്നതിനുശേഷം എന്തിനാണ് എക്സ്റ്റെൻഷൻ നൽകിയത്; നിങ്ങൾക്ക് ഈ വിഷയത്തിൽ പരിഹാരം കാണണ്ടേ? അവർക്ക് സമയം കൊടുത്തതിനുശേഷം, ഇത്ര ദിവസത്തിനുള്ളിൽ ഡ്രഡ്ജ് ചെയ്യണം, അല്ലെങ്കിൽ സർക്കാർ ഡ്രഡ്ജ് ചെയ്ത്

മാറ്റിയതിനുശേഷം അതിന്റെ ചെലവ് അവർക്ക് അയച്ചുകൊടുക്കണം. എഗ്രിമെന്റ് വയലേറ്റ് ചെയ്ത് അദാനി ഗ്രൂപ്പ്/പോർട്ട് ചെയ്തപ്പോൾ, ഒന്നുകിൽ അവർ ചെയ്യണം അല്ലെങ്കിൽ സർക്കാർ ചെയ്ത് അവരിൽനിന്ന് ആ പണം ഈടാക്കണം. അദാനിഗ്രൂപ്പിനും പോർട്ടിനുമെതിരെ ഒരു നടപടിയും സ്വീകരിക്കാതെ അവർക്ക് എക്സ്റ്റെൻഷൻ കൊടുത്തു. നിങ്ങൾ ആരുടെ കൂടെയാണ്; പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കൂടെയാണോ; മരിച്ച് വീഴുന്നവരുടെ കൂടെയാണോ; അവരുടെ സങ്കടങ്ങളുടെ കൂടെയാണോ?

ശ്രീ. സജി ചെറിയാൻ: സർ, അദാനി ഗ്രൂപ്പിന് എക്സ്റ്റെൻഷൻ നൽകിയതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ച് സംസാരിക്കരുത്. കാലാവസ്ഥാ പ്രയാസംമൂലം ഡ്രഡ്ജർ കൊണ്ടുവരാൻ സാധിക്കാത്തതുകൊണ്ടാണ് ലോംഗ് ബൂം എക്സ്കവേറ്റർ ഉപയോഗിച്ചുകൊണ്ടുള്ള മണ്ണുമാറ്റൽ പ്രവൃത്തി അവിടെ നടക്കുന്നത്. അതോടൊപ്പം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മുപ്പത് പേരടങ്ങുന്ന റസ്ക്യൂ ഫോഴ്സുൾപ്പെടെ ആവശ്യത്തിനുള്ള സംവിധാനങ്ങളും അവിടെ

ഒരുക്കിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട അംഗം നേരിട്ട് പരിശോധിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയെക്കാൾ കൂടുതൽ പ്രാവശ്യം മുതലപ്പൊഴി കടപ്പുറത്ത് പോകുകയും അവിടത്തെ ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്യുന്ന ആളാണ് ഞാൻ. എന്നുമുതലാണ് ഡ്രഡ്ജർ അവിടേയ്ക്ക് കൊണ്ടുപോകാൻ സാധിക്കാതായത്? ഈ മൺസൂൺ വന്നതിന്റെ ഭാഗമായി തിരമാലകളും തിരയേറ്റവും കടലാക്രമണവും വർദ്ധിച്ചുവന്ന സമയത്താണ് ഡ്രഡ്ജർ അവിടേയ്ക്ക് കൊണ്ടുപോകാൻ സാധിക്കാതായത്. ഡഡ്രഡ്ജ് ചെയ്യേണ്ടത് അപ്പോഴല്ലല്ലോ; ഡ്രഡ്ജ് ചെയ്യുന്നതിന് ഒരു സമയമില്ലേ? 03-01-2024, 20-01-2024 എന്നീ തീയതികളിലാണ് നിങ്ങൾ ഇതുസംബന്ധിച്ച ആദ്യത്തെ രണ്ട് മീറ്റിംഗുകൾ കൂടിയത്. 2024 ജനുവരി മാസത്തിൽ അവിടെ പ്രത്യേകിച്ച് ഒരു കുഴപ്പവുമില്ലായിരുന്നു. ഡ്രഡ്ജർ കൊണ്ടുവരാൻ സാധിക്കില്ലെന്ന് ഇപ്പോൾ വേണമെങ്കിൽ പറയാം. പക്ഷെ ആ സമയം ഡ്രഡ്ജർ കൊണ്ടുവന്ന് ഡ്രഡ്ജ് ചെയ്യാനുള്ള സാഹചര്യമുണ്ടായിരുന്നു. എന്നിട്ടും നിങ്ങൾ അവരുടെ കൂടെനിന്ന്

അവർ പറയുന്നതുകേട്ടു. ഡ്രഡ്ജിംഗ് നടത്തിയിട്ടില്ലെന്ന് ഉദ്യോഗസ്ഥർ വിലയിരുത്തി. അതുനടത്താത്തതാണ് ഈ അപകടത്തിനും അതുമൂലമുണ്ടായ മരണങ്ങൾക്കും കാരണമായത്. ദീർഘകാലമായ പദ്ധതി നടപ്പാക്കാൻ ഒരുപക്ഷെ സമയമെടുക്കും. സർക്കാർ അവിടത്തെ മനുഷ്യർക്ക് നൽകിയ വാക്ക് നടപ്പാക്കിയിരുന്നെങ്കിൽ യാതൊരു വിധത്തിലുമുള്ള അപകടവുമുണ്ടാകില്ലായിരുന്നു. സർക്കാർ ഇപ്പോൾ ഇതുസംബന്ധിച്ച് ഒരു നടപടിയും സ്വീകരിക്കാതെ, രക്ഷാപ്രവർത്തനത്തിനുള്ള സൗകര്യമില്ലാതെ അവരെ വിധിക്ക് വിട്ടുകൊടുക്കുകയാണ്. ഒരു ഗ്രാമത്തിലെ 73 പേരാണ് മരിച്ചത്. ആ ഗ്രാമം ഇല്ലാതാകാൻ പോകുകയാണ്, തീരശോഷണം സംഭവിച്ച് കായലുമായി സന്ധിക്കാൻ പോകുകയാണ്. കടലും കായലും തമ്മിലുള്ള ദൂരം ചുരുങ്ങി വരികയാണ്. അവിടത്തെ കാഴ്ച കണ്ടാൽ നമുക്ക് ഭയമുണ്ടാകും. ആ പാവപ്പെട്ട മനുഷ്യർ അവിടെ എങ്ങനെ ജീവിക്കുന്നുവെന്നോർത്ത് കിടന്നാൽ ഉറക്കം വരാത്തവിധം നമുക്ക് സങ്കടമുണ്ടാകും. പക്ഷെ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. വലിയ ടൂറിസവും ഒരുപാട് പേർക്ക് ഉപജീവനമാർഗവുമുണ്ടായിരുന്ന സ്ഥലമാണത്. മുതലപ്പൊഴി ടൂറിസം

പദ്ധതിക്കുവേണ്ടി മാറ്റിവച്ച ആ സ്ഥലമാണ് അദാനിക്ക് കല്ലിറക്കാൻ നൽകിയത്. അതിലൊന്നും തെറ്റുപറയുന്നില്ല. അവിടെ മറ്റൊരു ടൂറിസം പ്രോജക്ടും ഉപജീവനമാർഗവുമുണ്ടാകുമെന്ന് പറഞ്ഞിരുന്നെങ്കിലും അതൊന്നും തുടങ്ങിയില്ല, സർക്കാർ പ്രഖ്യാപിച്ച മുതലപ്പൊഴി ടൂറിസം പ്രോജക്ട് തുടങ്ങിയില്ല. അവിടത്തെ ജനങ്ങൾ ജീവിക്കാൻ നിവൃത്തിയില്ലാതെ കഷ്ടപ്പാടിലും ദുരിതത്തിലുമാണ്. എന്നിട്ടും അവർ കടലിൽപോകുകയാണ്. കുടുംബനാഥന്മാർ, പ്രധാനപ്പെട്ട ആളുകൾ, ചെറുപ്പക്കാർ തുടങ്ങിയവരൊക്കെയാണ് കടലിൽപോകുന്നത്. മരണം ഏത് സമത്തുംവന്ന് മാടിവിളിക്കുമെന്ന് അറിഞ്ഞുകൊണ്ട് വീട്ടിലെ അടുപ്പിൽ തീ പുകയ്ക്കാൻവേണ്ടി പോകുന്ന ഈ പാവങ്ങളുടെ ജീവൻ സംരക്ഷിക്കാനും അവരുടെ ജീവിതം കെട്ടുറപ്പും സുരക്ഷിതവുമാക്കാനും നമുക്ക് കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്തിനാണ് ഗവൺമെന്റും സംവിധാനങ്ങളുമുള്ളത്. തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റുണ്ടാകുന്നത് ജനങ്ങൾക്ക് സങ്കടമുണ്ടാകുമ്പോൾ അവരുടെ പ്രശ്നം പരിഹരിക്കാനും അവരെ ചേർത്തുനിർത്താനുമാണ്. ഇത് അങ്ങനെ ഒരു ഗവൺമെന്റല്ല. അവരുടെ കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കുന്നില്ല.

സർക്കാർ നൽകുന്നത് കേവലം ഉറപ്പുകൾ മാത്രമാണ്. ഈ ഉറപ്പുകൾ അപകടസംഖ്യയും മരണസംഖ്യയും വർദ്ധിപ്പിക്കുന്നതല്ലാതെ ശാശ്വത പരിഹാരമോ ഹ്രസ്വകാലത്തേയ്ക്കുള്ള പരിഹാരമോ നിർദേശിക്കുന്നില്ല. സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നിരന്തരമായ പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഞങ്ങളും അന്തംവിട്ടിരിക്കുകയാണ്. മണ്ണുമാറ്റൽ കൃത്യസമയത്ത് ചെയ്യാത്തതുതന്നെയാണ് ഇവിടത്തെ കാതലായ പ്രശ്നം. നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനുള്ള മറുപടി കേട്ടാൽതന്നെ അത് മനസ്സിലാകും. ഇതിന്റെ പ്രധാന കാരണം കാര്യക്ഷമമായ പ്രവർത്തനമില്ലായ്മയാണ്. യഥാസമയം ഡ്രഡ്ജിംഗ് നടത്തുകയും മണ്ണുമാറ്റുകയും ചെയ്താൽ അവിടെ അപകടമുണ്ടാകില്ല. അത് ചെയ്യാത്തതാണ് പ്രശ്നം. നിരന്തര പഠനങ്ങളും യോഗങ്ങളുമൊക്കെ

നടത്തുന്നുണ്ടെങ്കിലും നമ്മുടെ ചർച്ചയിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഈ മുതലപ്പൊഴിയിലെ അപകടങ്ങൾക്കും അതുമൂലമുണ്ടാകുന്ന മരണങ്ങൾക്കും ശാശ്വത പരിഹാരമുണ്ടാകുന്നില്ല. അത് ഈ സഭ ചർച്ച ചെയ്യേണ്ട വിഷയംതന്നെയാണ്. ഇത് കാര്യക്ഷമതയുടെ പ്രശ്നമാണ്. അതുകൊണ്ട് സമയാസമയങ്ങളിൽ ഇതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഹാരങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കണം. ഇവിടെ പറഞ്ഞ ആംബുലൻസും മുങ്ങൽ വിദഗ്ദ്ധരുമൊക്കെ അപകടമുണ്ടായതിനുശേഷം വരേണ്ട കാര്യങ്ങളാണ്. ആദ്യം മണ്ണുമാറ്റാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ഈ വിഷയം ഇഴഞ്ഞുനീങ്ങിയാൽ ശരിയാകില്ല. ഇക്കാര്യത്തിൽ സർക്കാർ കുറച്ചുകൂടി ഗൗരവം കാണിക്കണം. ഇവിടെ പറഞ്ഞതുപോലെ വലിയ മഴക്കാലം വരുന്നതിനുമുമ്പ് ഡ്രഡ്ജ് ചെയ്ത് മണ്ണുമാറ്റി ആളുകളെ മരണത്തിൽനിന്നും രക്ഷിക്കാനുള്ള നടപടിയെടുക്കണം. അത് സഭ ചർച്ച ചെയ്ത് ഗൗരവത്തിലെടുക്കേണ്ട വിഷയം തന്നെയാണ്. ഗവൺമെന്റിന്റെ ഈ നിസ്സംഗ ഭാവത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, മുതലപ്പൊഴിയിൽ ഇതിനോടകം 79 പേർ മരണമടഞ്ഞതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിക്കുകയുണ്ടായി. അപകടമരണങ്ങൾ ഇപ്പോഴും തുടരുകയാണ്. ഇത്തരത്തിൽ മരണമുണ്ടാകുന്നത് എല്ലാവരെയും വേദനിപ്പിക്കുന്ന നിർഭാഗ്യകരവും വേദനാജനകവുമായ സാഹചര്യമായി നിൽക്കുമ്പോഴാണ് പ്രതിപക്ഷം ഈ ഉപക്ഷേപം സഭയിൽ കൊണ്ടുവന്നത്. ഗവൺമെന്റ് സ്വീകരിക്കേണ്ട അടിയന്തര നടപടികളും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങളും ഇവ രണ്ടും ഒരുപോലെ ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. എം. വിൻസെന്റും പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം പിന്നിടുകയാണെങ്കിലും ഇപ്പോഴും കാര്യമായ നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി കുറെയേറെ

തീരുമാനങ്ങൾ എടുത്തിരിക്കുന്നുവെന്നും കുറേയേറെ നടപടികളിലേയ്ക്ക് പോകാൻ ശ്രമിക്കുന്നുവെന്നും പറഞ്ഞു. പക്ഷേ ഇക്കാര്യങ്ങളിൽ തൃപ്തികരമായ നടപ്പാക്കൽ ഉണ്ടാകുന്നില്ലെന്നുള്ളത് പ്രതിഷേധാർഹമാണ്.

മഴക്കാലത്ത് ഡ്രഡ്ജിംഗ് നടത്താൻ പറ്റാത്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. മോഡേൺ ടെക്നോളജിയിൽ എന്തുമാത്രം ആധുനികമായ സാങ്കേതിക സംവിധാനങ്ങളും സൗകര്യങ്ങളുമാണ് നമുക്കുള്ളത്. കടലിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന ടെക്നോളജി ലോകത്തെമ്പാടും വ്യാപിച്ചിരിക്കുന്ന ഈ കാലത്ത് കേരളം പോലുള്ള സാക്ഷരത സംസ്ഥാനത്ത് മഴക്കാലത്ത് ഒന്നുംചെയ്യാൻ പറ്റില്ലെന്ന് നമ്മളിപ്പോഴും പറയുകയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങളെയും അനന്തമായ സാധ്യതകളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് ഇനിയും ആളുകൾ മരിക്കാതിരിക്കാൻ കഴിയുന്നവിധത്തിലുള്ള മോഡേൺ ടെക്നോളജി നടപ്പിലാക്കാൻ കഴിയുന്നവിധത്തിൽ ഗവൺമെന്റ് കാര്യക്ഷമതയോടെ ഈ വിഷയത്തിൽ ഇടപെടണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം 2021-ൽ അടിയന്തരപ്രമേയമായി ഈ സഭയിൽ അവതരിപ്പിച്ചശേഷം വീണ്ടും 2024-ൽ അവതരിപ്പിച്ചത് അതേ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നതിനാലാണ്. മുതലപ്പൊഴിയിൽ അനേകം വിലപ്പെട്ട ജീവനുകൾ ഇല്ലാതായിപ്പോകുന്നു. ഏതാണ്ട് 73 ഓളം മരണങ്ങൾ കഴിഞ്ഞ 10 വർഷക്കാലയളവിനുള്ളിൽ അവിടെയുണ്ടായി. 700-ൽപരം അപകടങ്ങളിൽപ്പെട്ട് അനവധിപ്പേർ ഇപ്പോഴും ജീവച്ഛവങ്ങളായി മുമ്പോട്ടുപോകുന്ന സാഹചര്യമാണ്. ഇവിടെ ഗവൺമെന്റ് അതിൽ ഇടപെടലുകൾ നടത്തുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, അത് പ്രായോഗികതലത്തിൽ വരുന്നില്ലെന്നാണ് ഞങ്ങൾക്ക് ചൂണ്ടിക്കാട്ടാനുള്ളത്. മത്സ്യത്തൊഴിലാളി ആവശ്യപ്പെടുന്ന നിരവധി വിഷയങ്ങളും വിദഗ്ദ്ധ സമിതിയടക്കം മുന്നോട്ടുവച്ചിട്ടുള്ള അനവധി ആവശ്യങ്ങളുമുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് മണ്ണ് മാറ്റുന്നതിന് സ്ഥിരസംവിധാനമടക്കമുള്ള കാര്യങ്ങളാണ്. അത്തരത്തിലുള്ള വിഷയങ്ങളിൽ

ഗവൺമെന്റ് ഇടപെടലുകൾ ഫലപ്രദമാകുന്നില്ലെന്നുള്ളതും ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ജീവൻ പണയം വച്ചാണ് മുതലപ്പൊഴിയിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നത്. അശാസ്ത്രീയമായ നിർമ്മാണങ്ങളാണ് അവിടെയുള്ള പ്രധാനപ്രശ്നം. ഇത് നമ്മൾ അടിയന്തരപ്രമേയവും സബ്മിഷനുമൊക്കെയായി അവതരിപ്പിക്കുമ്പോൾ ചർച്ച ചെയ്യുന്നുവെന്നല്ലാതെ അതിനപ്പുറത്തേയ്ക്കുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നില്ല. ഇത്തരം പ്രഹസനങ്ങൾ ഇങ്ങനെ നടത്തിയതുകൊണ്ട് എന്ത് കാര്യമാണുണ്ടാകുന്നത്. അവിടെ ശാശ്വതവും സമയബന്ധിതവുമായ പരിഹാരം കാണാനുള്ള നടപടി അടിയന്തരമായി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. 73 ജീവനുകൾ ഇപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇനിയും മനുഷ്യജീവനുകൾ നഷ്ടപ്പെടാത്ത രൂപത്തിലുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ഈ പ്രധാനപ്പെട്ട വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)